# FMPB മിത്രസമാചാർ

(for private circulation only)

വാല്യം : 12 ലക്കം : 4 ഏപ്രിൽ : 2022


**... തന്റെ മുമ്പിൽ വെച്ചിരിക്കുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തു ഭാഗത്തു ഇരിക്കയും ചെയ്തു. (എബ്രായർ 12:2)**





യേശുവിന്റെ പുനരുത്ഥാനമാണ്
യേശുവിന്റെ മരണദിനത്തെ
നല്ല വെള്ളിയാഴ്ച ആക്കുന്നത്.
അനുഗ്രഹിപ്പെട്ട
നല്ല വെള്ളിയാഴ്ചയും
സന്തോഷകരമായ ഉയർപ്പ്
ഞായറും ആശംസിക്കുന്നു.

# കുരിശില്ലാത്ത കിരീടം



## ആമുഖം ...

ചരിത്രപരമായി ക്രിസ്ത്യൻ വിശ്വാസത്തിന്റെ രണ്ടു പ്രധാന ഘടകങ്ങളായ കുരിശും കിരീടവും തമ്മിൽ ലോലമായ ഒരു ബന്ധമുണ്ട്. "കുരിശ്" യേശുവിന്റെ മനുഷ്യാവതാരത്തെയും ക്രൂശീകരണത്തെയും പ്രതിനിധികരിക്കുമ്പോൾ "കിരിടം" യേശുവിന്റെ പുനരുത്ഥാനത്തെയും രാജാഭിഷേകത്തെയും രാജ്യത്തെയും രാജാവെന്ന പദവിയെയും പ്രതിനിധാനം ചെയ്യുന്നു. ഇതു രണ്ടും ക്രിസ്തീയ വിശ്വാസത്തിൽ വേർതിരിക്കുവാൻ കഴിയാത്ത ഘടകങ്ങൾ ആകുന്നു.

യേശുവിന്റെ ഭൗമീക ജീവിതത്തിലും ശുശ്രൂഷയിലും ഉടനീളം ശാരീരികമായ കഷ്ടതകളിലൂടെ കടന്നു പോയി, അതു തിരസ്കരണത്തെ കുറിച്ചു കൂടിയാകുന്നു. യേശുവിന്റെ ഭൗമീക കുടുംബം അവന്റെ നേതൃത്വത്തെ ചോദ്യം ചെയ്തു (യോഹ.7:3-5). തന്റെ ജന്മ ദേശത്തു നിന്നു വന്നവർ യേശുവിന്റെ വ്യക്തിത്വത്തെയും ശുശ്രൂഷയെയും അവഗണിച്ചു (മർക്കൊ.3:1-6). അനുയായികൾ പലരും അവനോടു കൂടെ സഞ്ചരിക്കുവാൻ മടിച്ചു (യോഹ.6:60-67). ആത്മീക നേതൃത്വം അവനെ പരിഹസിച്ചു (മത്തായി.27). ഏറ്റവും അടുത്ത സ്നേഹിതൻ ഒറ്റി കൊടുത്തു (മത്തായി26:14). അവൻ തിരസ്കരിക്കപ്പെട്ടു, ഉപേക്ഷിക്കപ്പെട്ടു, അനീതിപരമായി ശിക്ഷിക്കപ്പെട്ടു (മർക്കൊ.14:50; മത്തായി.26:69-74).

മാത്രമല്ല മൂന്നു പ്രധാന പ്രലോഭനങ്ങളെ യേശു നേരിട്ടു (മത്തായി4:1-11).

ഒന്നാമത്തെ പ്രലോഭനം കല്ലിനെ അപ്പമാക്കുക എന്നതായിരുന്നു. സാത്താൻ യേശുവിനെ സ്വയം ചോദ്യം ചെയ്യുവാനും അധികാരത്തെ ദുരുപയോഗം ചെയ്യുവാനും കല്ലിനെ അപ്പമാക്കുവാനും ഫലത്തിൽ കുരിശില്ലാതെ കിരീടം ധരിക്കുവാനും പ്രേരിപ്പിക്കുകയായിരുന്നു. എന്നാൽ യേശു ആ കല്ലുകൾ അപ്പമാകുന്നതിന് അവസരം നൽകിയില്ല. അവൻ സ്വയം പോഷിപ്പിക്കുകയും ദൈവവചനത്താൽ നിറയുകയും ചെയ്തു.

രണ്ടാമത്തെ പ്രലോഭനം താഴേക്കു ചാടുക എന്നതായിരുന്നു. പ്രകടനത്തിലൂടെ പ്രസിദ്ധി നേടുക എന്നതായിരുന്നു ഈ പ്രലോഭനം. യേശു താഴെക്കു ചാടുന്നതിനെ നിരസിച്ചു, പകരം ദൈവവചനം ഉദ്ധരിച്ചു. "നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്." ദൈവത്തെ പ്രലോഭിപ്പിച്ച് വിലകുറഞ്ഞ ജനപ്രീതി നേടുന്ന -കുരിശില്ലാതെ കിരീടം നേടുന്ന - മനസ്സ് യേശുവിനില്ലായിരുന്നു.

മൂന്നാമത്തെ പ്രലോഭനം എന്നെ നമസ്കരിക്കുക എന്നതാകുന്നു. ഈ ലോകത്തിലെ എല്ലാ രാജത്വവും യേശുവിനു കാണിച്ചു കൊടുത്തു പറഞ്ഞു ഒരു നിമിഷം കൊണ്ട് ഇതെല്ലാം നിന്റേതായി തീരും ഒരു പ്രാവശ്യം തലകുനിച്ച് സാത്താനെ നമസ്കരിച്ചാൽ മതി. യേശുവിനു പ്രശസ്തിയും ഭാവിയും അധികാരവും കൈക്കൂലിയായി കൊടുത്തു വശത്താക്കുവാൻ ശ്രമിച്ച സാത്താൻ ഇവിടെയും പരാജയപ്പെട്ടു. ലോകത്തിന്റെ തിളക്കത്തിൽ യേശു വശീകരിക്കപ്പെട്ടില്ല. കുരിശില്ലാതെ കിരീടം എടുക്കുവാൻ യേശു തയ്യാറായില്ല.

ഇന്നും ഈ ലോകത്തിൽ അനേക ക്രൈസ്തവർ ഇത്തരത്തിലുള്ള പ്രലോഭനങ്ങൾ നേരിടുന്നുണ്ട്. അനേകർ അല്പമായ സമർപ്പണത്തിലൂടെ ജയം വരിക്കുവാൻ ആഗ്രഹിക്കുന്നു. കുരിശില്ലാതെ അവർക്കു സ്വർഗ്ഗം വേണം. അവർക്കു കുരിശില്ലാത്ത കിരീടം വേണം. ആത്മീക എഴുത്തുകാരനായ ജെ സി റൈലെ ഒരിക്കൽ എഴുതി, "കുരിശില്ലാത്ത, വില കുറഞ്ഞ ക്രിസ്തീയത കിരീടമില്ലാത്ത ഉപയോഗ ശൂന്യമായ ക്രിസ്തീയത ആണെന്നു അവസാനം തെളിയിക്കും".

സുവിശേഷത്തിന്റെ കേന്ദ്രവിഷയമായ കുരിശും കിരീടവും നമ്മുടെ മനസ്സിൽ പിണഞ്ഞു കിടക്കുമ്പോൾ കുരിശില്ലാതെ പുനരുത്ഥാന വശത്തുള്ള ശിഷ്യത്വം ഇനി ഐച്ഛികമായിരിക്കയില്ല മറിച്ച് അനിവാര്യവും സ്വഭാവികവുമായ പ്രതികരണമായിരിക്കും. സങ്കല്പിക്കുവാനാകാത്ത ആത്മീക അനുഗ്രഹമായ കിരീടത്തിലേക്കു നമ്മെ നയിക്കുന്ന കുരിശ് - കുരിശ് ഏറ്റെടുക്കുവാൻ നാം ഓരോരുത്തരോടും യേശു അഭ്യർത്ഥിക്കുന്നു എന്ന നിരന്തരമായ ഓർമ്മപ്പെടുത്തലാണ് ഈ നോമ്പു കാലം!

- ജെ. ജെ. ഹാരീസ് (കമ്യൂണിക്കേഷൻ വിഭാഗം)

"അവൻ മരണത്തെ സദാകാലത്തേക്കും നീക്കിക്കളയും; യഹോവയായ കർത്താവ് സകല മുഖകളിലും നിന്നു കണ്ണുനീർ തുടെക്കയും തന്റെ ജനത്തിന്റെ നിന്ദ സകല ഭൂമിയിലും നിന്നു നീക്കിക്കളകയും ചെയ്യും. യഹോവയല്ലോ അരുളിച്ചെയ്തിരിക്കുന്നതു." (യെശ.25:8)

"ഞങ്ങൾ ക്രൂശ് പരാജയമായും പുനരുത്ഥാനം വിജയമായും കണക്കാക്കുന്നില്ല. മറിച്ച്, ക്രൂശ് വിജയം നേടിയ ഇടമാകുന്നു, പുനരുത്ഥാനം ആ വിജയം അംഗീകരിക്കുകയും ഉദ്ഘോഷിക്കുകയും പ്രകടമാക്കുകയും ചെയ്തു." – ജോൺ ആർ ഡബ്ല്യു സ്റ്റോട്ട്

"യേശുവിനെ കർത്താവു എന്നു വായ് കൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയം കൊണ്ടു വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും." (റോമർ.10:9)

"താഴെ ഭൂമിയിൽ ക്രൂശു വഹിക്കാത്തവരായ ഒരാൾ പോലും സ്വർഗ്ഗത്തിൽ കിരീട ധാരികളായില്ല."
– ചാൾസ് സ്പർജൻ

- മിത്രസമാചാർ FMPB യുടെ ഔദ്യോഗിക പത്രികയാണ്.
- FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു
- ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.
- വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.
- സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.


കേരള സോൺ:-

FMPB, ചൂരക്കുഴിയിൽ,
മക്കപ്പുഴ. പി. ഒ, റാന്നി, പത്തനംതിട്ട
Mob: 9495 309 335; 90740 03768
E-mail: sajifmpb@gmail.com



*Publisher & Editor*
**Rev. സുദർശൻ തോമസ്**

മിത്രസമാചാർ

***FMPB*** യുടെ പ്രതിമാസ സൂനം

| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |

H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404  Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

**Layout and Preparation:**
Communication Dept., fmpb



# ജനറൽ സെക്രട്ടറിയുടെ കത്ത്...

ഉന്നതമായ പദ്ധതികളെ പിന്തുടരുന്ന പ്രീയ പങ്കാളികളെ,

നമുക്കു വേണ്ടി കരുതി വെച്ചിരിക്കുന്നത് എന്തെന്നു അറിയാത്ത ഒരു പുതിയ സാമ്പത്തീക വർഷത്തിലേക്കു നാം പ്രവേശിച്ചിരിക്കുന്നു. അതെങ്ങനെ മുന്നോട്ടു പോകും നമുക്കറിയത്തില്ല. അതറിയേണ്ട കാര്യമില്ല എന്നതാണ് വസ്തുത കാരണം സേനകളിൽ അധിപതിയായ കർത്താവ് നമ്മോടുകൂടെയുണ്ട്. ദൈവം തന്റെ പദ്ധതികൾ നമ്മുടെ ജീവിതത്തിലും FMPB യിലും പൂർത്തീകരിക്കും. അവന്റെ പദ്ധതികൾ നമ്മെ തകർക്കുന്നതിനല്ല യിരെമ്യാവ് 29:11 ലെ പോലെ നാം പ്രത്യാശിക്കുന്ന ശുഭ ഭാവി നൽകുന്നതിനായിട്ടുള്ളതാകുന്നു. നമ്മുടെ രക്ഷിതാവു ജീവിക്കുന്നതിനാൽ നമുക്കു പ്രത്യാശയോടെ ധൈര്യത്തോടെ നാളകളെ അഭിമുഖീകരിക്കാം. സങ്കീർത്തനം 18:30 പറയുന്നു, "ദൈവത്തിന്റെ വഴി തികവുള്ളതു; യഹോവയുടെ വചനം ഊതിക്കഴിച്ചതു; തന്നെ ശരണമാക്കുന്ന ഏവർക്കും അവൻ പരിചയാകുന്നു". ഇത്തരത്തിലുള്ള ശുഭഭാവിയും സുരക്ഷിതതത്വവും നൽകുന്നതിനുള്ള പ്രാപ്തി നമ്മുടെ ദൈവത്തിനല്ലാതെ മറ്റാർക്കാണുള്ളത്. ദൈവത്തോടു ചേർന്നു നിന്ന് അനുസരണവും വിശുദ്ധിയുമുള്ളവരായി ഉന്നത പദ്ധതികളെ നമുക്കു പിന്തുടരാം. സുവിശേഷം ശ്രവിക്കാത്തവരെ നേടുന്നതിനു ദൈവം നമ്മുടെ സംഘടനയെ മുന്നോട്ടു നയിക്കട്ടെ.

## എക്സിക്യൂട്ടിവ് കമ്മറ്റി

2022 ഫെബ്രുവരി 13,14 തീയതികളിൽ FMPB യുടെ 209 -ാമത് എക്സിക്യൂട്ടിവ് കമ്മറ്റി ചേരുകയുണ്ടായി. നമ്മുടെ രാജ്യത്ത് സുവിശേഷ വ്യാപനത്തിനു സഹായകരമായ തീരുമാനങ്ങൾ എടുക്കുന്ന വിധത്തിൽ ചർച്ചകൾ നടത്തുവാൻ ദൈവത്തിന്റെ സഹായഹസ്തം എല്ലാ അംഗങ്ങളുടെമേലും ഉണ്ടായിരുന്നു. മാനേജ്മെന്റ് കമ്മറ്റി, ഫൈനാൻസ് മാനേജ്മെന്റ് കമ്മറ്റി, പ്രൊപ്പർട്ടി സബ് കമ്മറ്റി എന്നിവ പുതുതായി രൂപവത്ക്കരിച്ചു.

## നിയമനങ്ങൾ

FMPB യുടെ നടപടി ക്രമം അനുസരിച്ച് സോണൽ തലം മുതൽ മുകളിലോട്ടുള്ളവരുടെ നിയമനങ്ങൾ എക്സിക്യൂട്ടിവ് കമ്മറ്റിയാണ് ചെയ്യുന്നത്. 209 -ാമത് എക്സിക്യൂട്ടിവ് കമ്മറ്റി സീനിയർ മിഷനറിമാരെ വിവിധ ഉത്തരവാദിത്വങ്ങൾ നൽകി നിയമിച്ചു. പ്രധാനപ്പെട്ട ചില നിയമനങ്ങളും അവർ ചുമതല ഏറ്റെടുക്കുന്ന തീയതികളും താഴെ കൊടുക്കുന്നു.

**റവ. ആഗസ്റ്റസ് പുഷ്പരാജ്** – സ്കാൻ സെക്രട്ടറി, 1.3.2022 മുതൽ

**റവ. ദാനിയേൽ അരുൾമണി** – യുവജനവിഭാഗം സെക്രട്ടറി, 1.3.2022 മുതൽ

**ശ്രീമതി. മണിസെൽവി** – സ്ത്രീജന വിഭാഗം സെക്രട്ടറി, 1.4.2022 മുതൽ

**റവ. ഡേവിഡ് പോണ്ടിങ്** – ആസ്ഥാന മന്ദിര സെക്രട്ടറി, 1.5.2022 മുതൽ

**റവ. ഡോ. ഹാരീഷ്** – HRD സെക്രട്ടറി, 1.8.2022 മുതൽ

**ശ്രീമതി. മേഴ്സി ദെബോര** – കമ്യൂണിക്കേഷൻ സെക്രട്ടറി 1.8.2022 മുതൽ

**റവ. പോൾരാജ് പി** – നോർത്ത് ഈസ്റ്റേൺ സോൺ, 1.4.2022 മുതൽ

**റവ. ദാനിയേൽ തോമസ്** – വെസ്റ്റേൺ സോൺ തമിഴ്നാട് മൊബലൈസേഷൻ, 1.3.2022 മുതൽ

ഈ മിഷനറിമാരെയും അവരുടെ കുടുംബാംഗങ്ങളെയും നിങ്ങളുടെ ദിനംതോറുമുള്ള പ്രാർത്ഥനയിൽ ഓർക്കുക. ദൈവയിഷ്ടം ചെയ്യുവാൻ ദൈവീക കരം അവരോടു കൂടെയിരുന്നു വഴി നടത്തുമാറാകട്ടെ.

## CSI കർണ്ണാടക സെൻട്രൽ മഹായിടവക ബിഷപ്പുമായുള്ള അഭിമുഖം

2022 ഫെബ്രുവരി 18 ന് സൗത്ത് ഇന്ത്യ മൊബലൈസേഷൻ സെക്രട്ടറി, തമിഴ്നാട് സോൺ സെക്രട്ടറി എന്നിവരോടു ചേർന്നു എനിക്ക് സി എസ് ഐ കർണ്ണാടക സെൻട്രൽ മഹായിടവക ബിഷപ്പ് റൈറ്റ്. റവ. ഡോ. പ്രസന്ന കുമാർ ശമുവേലിനെ അദ്ദേഹത്തിന്റെ ബാംഗ്ലൂരിലുള്ള ആഫിസിൽ വെച്ചു കാണുന്നതിന് സാധിച്ചു.

## CSI ട്രിച്ചി തഞ്ചാവൂർ മഹായിടവക ബിഷപ്പിന്റെയും മഹായിടവക നേതാക്കന്മാരുടെയും മിഷൻ വയൽ സന്ദർശനം

ഫെബ്രുവരി 25 – 27 തീയതികളിൽ CSI ട്രിച്ചി- തഞ്ചാവൂർ മഹായിടവക ബിഷപ്പ് റൈറ്റ് റവ. ഡോ. ചന്ദ്രശേഖരനും മഹായിടവകയിലെ പ്രധാനപ്പെട്ട ചില നേതാക്കന്മാരും നമ്മുടെ സന്താൾ, മാൾട്ടോ മിഷൻ വയലുകൾ സന്ദർശിച്ചു. FMPB യുടെ മൊബലൈസേഷൻ മിഷനറിമാരും ഹോണററി സെക്രട്ടറിമാരും ആ ടീമിനോടൊപ്പം ഉണ്ടായിരുന്നു. ആ സന്ദർശനത്തെ ദൈവം അനുഗ്രഹിച്ചു. FMPB യുടെ ശുശ്രൂഷയിലെ ഫലങ്ങൾ കണ്ടു അവർ പ്രചോദിതരായി.

## UESI നേതാക്കന്മാരുമായുള്ള അഭിമുഖം

യൂണിയൻ ഓഫ് ഇവാൻജലിക്കൽ സ്റ്റുഡൻസ് ഓഫ് ഇന്ത്യയിലെ നേതാക്കന്മാർ നമ്മുടെ ആഫീസ് സന്ദർശിച്ച് അവരുമായി നമ്മുടെ സംഘടനക്കുള്ള ധാരണ പത്രം പുതുക്കുന്നതിനെ കുറിച്ചു ചർച്ച ചെയ്തു. പരസ്പരമുള്ള പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനെ കുറിച്ചു ആലോചിച്ചു പ്രായോഗികമായ ചില തരുമാനങ്ങൾ എടുത്തു.

## ഭാവനി കൺവൻഷൻ

2022 മാർച്ച് 12,13 തീയതികളിൽ ഭാവനി സി എസ് ഐ ക്രൈസ്റ്റ് ചർച്ച് നടത്തുന്ന കൺവൻഷനിൽ പ്രസംഗിക്കുന്നതിനായി അവിടുത്തെ വികാരി എന്നെ ക്ഷണിച്ചു. രണ്ടു ദിവസവും അവിടെയുള്ള FMPB യുടെ ഹോണററി നേതാക്കന്മാരുടെ ഭവനങ്ങൾ സന്ദർശിക്കുന്നതിനു അവസരം ലഭിച്ചു. ഹോണററി നേതാക്കന്മാർ അവരുടെ കുടുംബാംഗങ്ങളോടു ചേർന്നു ആത്മഭാരത്തോടും സമർപ്പണത്തോടും FMPB യുടെ ശുശ്രൂഷയിൽ പങ്കാളികളാകുന്ന അറിവ് വലിയൊരു അനുഭവമായിരുന്നു.

## നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് മിഷൻ

ഝാൻസിയിലുള്ള നമ്മുടെ നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് മിഷനിൽ ഇരുന്നു കൊണ്ടാണ് ഞാൻ ഈ എഡിറ്റോറിയൽ എഴുതുന്നത്. മിഷനറി പ്രവർത്തനത്തിനു പ്രാപ്തരാകുന്നതിനായുള്ള പരിശീലനത്തിൽ 25 വ്യക്തികൾ ഏർപ്പെട്ടിരിക്കുന്നു. യൗവ്വനക്കാരായ ഈ മിഷനറിമാർക്കു അവരുടെ ഭാവി ശുശ്രൂഷ അനുഗ്രഹകരമാകുന്നതിനു നിങ്ങളുടെ പ്രാർത്ഥന വിലപ്പെട്ടതാകുന്നു. ദൈവം സഹായിച്ചാൽ 2022 ജൂണിൽ നാം അടുത്ത ഇന്റർവ്യൂ നടത്തുന്നതാണ്. കൊയ്ത്തിന്റെ യജമാനൻ വയലിലേക്കു കൂടുതൽ പ്രവർത്തകരെ അയക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## തമിഴ്നാട് സംസ്ഥാന സമ്മേളനം

മെയ് മാസത്തിൽ നടത്തുന്ന സംസ്ഥാന കൺവൻഷൻ ഈ വർഷം ജൂൺ മാസം 2 മുതൽ 5 വരെ സേലത്ത് ഡാനീഷ്പേട്ടിലുള്ള ബഥേൽ കാമ്പസിൽ വെച്ചു നടത്തുന്നതിനു തീരുമാനിച്ചിരിക്കുന്നു. 2022 മെയ് 10,11,12 തീയതികളിൽ നടക്കുന്ന വാർഷീക പരീക്ഷ കാരണം യോഗം നടത്തുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കാത്തതിനാലാണ്

# യേശുക്രിസ്തുവിന്റെ കുരിശിന്റെയും പുനരുത്ഥാനത്തിന്റെയും മൂല്യതയിലേക്കുള്ള മടക്കം



യേശു നമ്മുടെ പാപഭാരം ഏറ്റെടുത്ത് ക്രൂശിൽ സ്വയം സമർപ്പിച്ച് മരണത്തിന്റെ അഗാധത്തിലേക്കു ഇറങ്ങി, പിന്നെ പുനരുത്ഥാനത്തിലൂടെ അവയെ ജയിച്ചു അവയെ എടുത്തു മാറ്റി നമുക്കു മുമ്പിൽ വീണ്ടും ജനനത്തിന്റെയും പുതു ജീവിതത്തിന്റെയും പാത തുറന്നു തന്നു.

ചരിത്രപരമായി, യേശുവിന്റെ ക്രൂശുമരണത്തിനു മുമ്പുള്ള അതിവേദനയെ കുറിച്ചുള്ള വേദപുസ്തക പഠനങ്ങൾ സമഗ്രഹിക്കുവാൻ ക്രിസ്ത്യാനികൾ പ്രധാനമായി ഏഴു പദങ്ങളാണ് സാധാരണയായി ഉപയോഗിക്കാറുള്ളത്. ആത്മീകമായി നാം എത്രത്തോളം പാപ്പരാണെന്നും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയാൽ നമുക്കു എത്രത്തോളം സമ്പന്നരായി തീരാമെന്നതും ഗ്രഹിക്കുന്നതിനു ഇത് നമ്മെ സഹായിക്കും.

## 1. പകരം

"ക്രിസ്തുവും നമ്മെ ദൈവത്തോടു അടുപ്പിക്കേണ്ടതിനു നീതിമാനായി നീതികെട്ടവർക്കു വേണ്ടി പാപം നിമിത്തം ഒരിക്കൽ കഷ്ടം അനുഭവിച്ചു" (1പത്രോ.3:18). പുതിയ നീയമത്തിലെ മറ്റൊരു ലേഖകൻ ഇങ്ങനെ പറഞ്ഞു, "അവൻ നമുക്കു വേണ്ടി തന്റെ പ്രാണനെ നൽകി" (1 യോഹ.3:16). പാപത്തിന്റെ ഫലമാണ് മരണമെന്നു വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു; അങ്ങനെയെങ്കിൽ പാപ പ്രകൃതമില്ലാത്ത, മനുഷ്യ വർഗ്ഗം ചെയ്യുന്ന ഒരു പാപവും ചെയ്യാത്ത യേശുവിനു എങ്ങനെ മരിക്കുവാൻ കഴിയും? വേദപുസ്തകം ഉത്തരം നൽകുന്നു, പാപത്തിന്റെ ശിക്ഷയായ മരണം യേശു സ്വയം ഏറ്റെടുത്തത് താൻ അർഹിക്കുന്നില്ലെങ്കിലും മറ്റുള്ളവർക്കു പകരമായിട്ടായിരുന്നു. ഇതുവരെ കണ്ടിട്ടില്ലാത്ത സ്നേഹത്തിന്റെ ഏറ്റവും അതിശയകരമായ പ്രവർത്തിയാണ് യേശു പ്രകടമാക്കിയത്. യേശു തന്റെ ഏറ്റവും മോശമായ ശത്രുവിനു വേണ്ടി പാപത്തിന്റെ ശിക്ഷയായ മരണം വഹിക്കുവാൻ തയ്യാറായി.

## 2. പ്രായശ്ചിത്തം

---

സംസ്ഥാന കൺവൻഷൻ ജൂണിലേക്കു മാറ്റിയത്. കൊറോണ കാരണം കഴിഞ്ഞ രണ്ടു വർഷം നടത്തുവാൻ സാധിക്കാതിരുന്ന കൺവൻഷനാണ് ജൂണിൽ നടത്തുന്നത്. ആയതിനാൽ എല്ലാവരും ഈ യോഗത്തിൽ സംബന്ധിക്കുന്നതിനു തയ്യാറെടുക്കുക. രാജ്യത്തെ സുവിശേഷത്താൽ നേടുന്നതിനു ക്രിസ്ത്യാനികളെ ഉത്സാഹിപ്പിക്കുക.

കർത്താവിന്റെ ദൗത്യ നിർവഹണത്തിൽ നിങ്ങളുടെ സഹയാത്രികൻ

റവ. ജോൺ ബർലിൻ എസ്.

പുതിയ നിയമത്തിലെ 'propitiation' എന്നതിന്റെ ഗ്രീക്കു ഭാഷയിലെ പദത്തെ ചില സന്ദർഭങ്ങളിൽ പ്രായശ്ചിത്തം എന്നു പരിഭാഷപ്പെടുത്താറുണ്ട്. ഇതു എളുപ്പത്തിൽ മനസ്സിലാക്കുന്നതിനു സഹായിക്കും. പ്രായശ്ചിത്തം എന്നത് കുറ്റം ചെയ്തവനും കുറ്റത്താൽ ബാധിക്കപ്പെട്ടവനും തമ്മിൽ ഒരിക്കലായിട്ടുള്ള ഇടപാടാണ്. യേശുക്രിസ്തു മറ്റുള്ളവർക്കു പകരമായി കാൽവറിയിൽ മരിച്ചതിലൂടെ ഇതാണ് ചെയ്തത്. "നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പ്രായശ്ചിത്തം ആകുവാൻ അയച്ചതു തന്നെ സാക്ഷാൽ സ്നേഹം ആകുന്നു" (1 യോഹ.4:10). പാപത്തിന്റെ പ്രായശ്ചിത്തമാകുന്നതിന്റെ വില എത്രത്തോളമാണെന്നത് യേശു കാൽവറിയിൽ നിലവിളിച്ചതിലൂടെ പ്രകടമാക്കി. "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈ വിട്ടതു എന്ത്" (മത്തായി.27:46). വേദപുസ്തകം ഇങ്ങനെ പറയുന്നു, "പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിനു, അവൻ നമുക്കു വേണ്ടി പാപം ആക്കി" (2 കൊരി.5:21).

## 3. മറുവില

യേശു പറഞ്ഞു, മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രെ വന്നതു (മർക്കൊസ്.10:45). യേശുവിന്റെ ക്രൂശു മരണം അത്യന്താപേക്ഷിതമായ മറുവിലയാകുന്നു. അങ്ങനെ ദൈവത്തിന്റെ നീതി പൂർണ്ണമായി. ഏതു പാപിക്കു പകരമായിട്ടാണോ യേശു മരിച്ചത് അവൻ സ്വതന്ത്രനായി.

## 4. വീണ്ടെടുപ്പ്

വീണ്ടെടുപ്പ് വില നൽകി കഴിയുമ്പോൾ അടിമ സ്വതന്ത്രനാകുന്നു അല്ലെങ്കിൽ അവനെ വീണ്ടെടുക്കുന്നു. യേശു ആർക്കു വേണ്ടി ജിവനെ നൽകിയോ അവരുടെ ജീവിതത്തിൽ ഇതാണ് സംഭവിക്കുന്നത്. അപ്പൊസ്തലനായ പൗലൊസ് പറയുന്നു, "ക്രിസ്തു നമുക്കു വേണ്ടി ശാപമായിത്തീർന്നു" (ഗലാ. 3:13). നിസഹായരായ പാപികൾക്കു വീണ്ടെടുപ്പ് വില നൽകുന്നതിനു അവരുടെ സ്ഥാനത്തു യേശു മരിക്കുന്നതിനെക്കാൾ കുറഞ്ഞത് ഒന്നുമില്ലായിരുന്നു. യേശു പാപത്തിന്റെ വില പൂർണ്ണമായി നൽകി. പാപത്തിന്റെ അടിമത്വത്തിൽ കിടന്നവരെ ദൈവത്തിനു പ്രസാദകരമായ ജീവിതം നയിക്കുന്നതിനു സ്വതന്ത്രരാക്കി വിട്ടു.

## 5. ക്ഷമ

നമുക്കു പകരമായി യേശു ക്രൂശിൽ മരിച്ചതിനാൽ നമുക്കു വീണ്ടെടുപ്പ് മാത്രമല്ല ലഭിച്ചത് "അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്" (എഫെ.1:7). ക്രിസ്തുവിന്റെ ക്രൂശു മരണത്തിലൂടെ വിശ്വസിക്കുന്ന ക്രിസ്ത്യാനിക്കു കുറ്റബോധത്തിൽ നിന്നും പാപഭാരത്തിൽ നിന്നു വിടുതലും എന്നന്നേക്കുമുള്ള പാപക്ഷമയും ലഭിച്ചു.

## 6. അനുരഞ്ജനം

ദൈവത്തിന്റെ അധികാരത്തോടുള്ള സ്വയ കേന്ദ്രീകൃതമായി മത്സരത്താലും നമ്മുടെ സ്വന്ത തീരുമാന പ്രകാരം പോകുന്നതിനാലും സ്വഭാവികമായും തിരഞ്ഞെടുപ്പിലൂടെയും നാം എല്ലാവരും ദൈവത്തിങ്കൽ നിന്നു അകന്നു കഴിയുന്നു. സ്വപുത്രന്റെ മരണത്താൽ ദൈവം മനുഷ്യന്റെ പാപത്തിനു ശിക്ഷ നൽകുകയും ദൈവത്തിന്റെ നീതി പൂർണ്ണമാക്കുകയും ചെയ്തു. അങ്ങനെ ദൈവത്തെയും മനുഷ്യനെയും വേർതിരിക്കുന്ന തടസ്സം എടുത്തു മാറ്റി. അതുകൊണ്ടാണ് അപ്പൊസ്തലനായ പൗലൊസ് പറയുന്നത്, "ശത്രുക്കൾ ആയിരിക്കുമ്പോൾ തന്നെ നമുക്കു അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടു നിരപ്പു വന്നു". (റോമർ 5:10).

ആദിമ ക്രൈസ്തവരോടു പറയുന്നു, "മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായി തീർന്നു" (എഫെ.2:13).

## 7. നീതികരണം

യേശുവിന്റെ സമ്പൂർണ്ണമായ ജീവിതം ദൈവീക പ്രമാണത്തിന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതായിരുന്നു. യേശുകർത്താവ് പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോടു വേർവിട്ടവൻ ആകുന്നു (എബ്രാ.7:26). ദൈവത്തിന്റെ ന്യായപ്രമാണം ആവശ്യപ്പെടുന്ന എല്ലാ പിഴയും യേശുവിന്റെ മരണത്താൽ പൂർണ്ണമായി കൊടുത്തു തീർത്തു. അതുകൊണ്ടാണ് അപ്പൊസ്തലനായ പൗലൊസ് പറഞ്ഞത്, വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ടു (റോമർ.5:1). നീതീകരിക്കപ്പെട്ട പാപിയെ ദൈവത്തിന്റെ പ്രീതിയിലേക്കും കുടുംബത്തിലേക്കും കൊണ്ടുവരികയും ദൈവത്തിന്റെ വിശുദ്ധ ന്യായപ്രമാണം എല്ലാം നിവർത്തിച്ചതു പോലെ സ്വീകരിക്കുകയും ചെയ്യുന്നു. നീതീകരിക്കുക എന്നതിന്റെ അർത്ഥം കാലത്തിനും നിത്യതക്കുമായി ദൈവത്തോടു നിരപ്പു പ്രാപിക്കുക എന്നതാകുന്നു.

## ഉയിർത്തെഴുന്നെഴുന്നേറ്റ കർത്താവിനെ കണ്ടുമുട്ടുന്നു

ഉയിർത്തെഴുന്നേറ്റ ക്രിസ്തു തന്റെ അനുയായികൾക്കു വ്യത്യസ്തമായ രീതിയിൽ പ്രത്യക്ഷപ്പെടുന്നു. അവരോടുള്ള ദൈവത്തിന്റെ കരുതലിന്റെയും അവരുടെ അതുല്യതയുടെയും പ്രകടമാക്കുന്നതാകുന്നു ഈ കണ്ടുമുട്ടലുകൾ. (ലൂക്കൊ.24:36-49; യോഹ.10:2-6; 20;21). ആളുകളെ വിശേഷമായ രീതിയിൽ കണ്ടുമുട്ടുന്നത് ഇന്നും യേശു തുടരുന്നു. ജോൺ വിറ്റെ ജൂനിയർ തന്റെ പുസ്തകമായ ക്രിസ്ത്യൻ ടുഡെ എന്ന പുസ്തകത്തിൽ പറയുന്നു, "നമ്മുടെ വേദനകളും ഭയവും സംശയവും കുറവുകളും അഹംഭാവവും ഉൾക്കൊണ്ടുകൊണ്ടു ദൈവം വിവിധ വിധത്തിൽ നമ്മുടെ അടുക്കൽ വരുന്നു".

ക്രിസ്ത്യാനികളായ നാം പലപ്പോഴും ക്രിസ്തുവിന്റെ മരണവും ഉയിർത്തെഴുന്നേല്പും നിസ്സാരമായി എടുത്തിട്ടുണ്ട്, യേശുക്രിസ്തുവിന്റെ പുനരുത്ഥാനം ഇല്ലാതെ ക്രിസ്തുമതമില്ല. കാരണം ക്രിസ്തുമതം ക്രിസ്തുവിനെ ദൈവപുത്രനായും മശിഹയായും വിലമതിക്കുന്നു. യേശു പറഞ്ഞു അവൻെറ പുനരുത്ഥാനം അവന്റെ ശുശ്രൂഷയെ ആധികാരികമാക്കുന്ന സ്വർഗ്ഗത്തിൽ നിന്നുള്ള അടയാളമാകുന്നു. (മത്തായി. 16:1-4). യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്നതിനു സാക്ഷ്യം വഹിച്ച നൂറുകണക്കിനാളുകൾ(1കൊരി.15:3-8)യേശു ലോകരക്ഷകനാണെന്നതിനു നിഷേധിക്കാനാവാത്ത തെളിവുകൾ നൽകുന്നു.

യേശുക്രിസ്തുവിന്റെ പുനരുത്ഥാനം പ്രധാനമായിരിക്കുന്നതിന്റെ മറ്റൊരു പ്രധാന കാരണം അവന്റെ പാപരഹിതമായ സ്വഭാവത്തിന്റെയും ദിവ്യ പ്രകൃതത്തിന്റെയും തെളിവാകുന്നു. തിരുവചനം പറയുന്നു, "നിന്റെ പരിശുദ്ധനെ ദ്രവത്വം കാണ്മാൻ സമ്മതിക്കയുമില്ല" (സങ്കീ.16:10). യേശു മരിച്ചെങ്കിലും ദ്രവത്വം കണ്ടില്ല (അ.പ്ര.13:32 -37). യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ അടിസ്ഥാനത്തിലാണ് പൗലൊസ് സുവിശേഷം പ്രസംഗിച്ചത്. "ഇവൻ മൂലം നിങ്ങളോടു പാപമോചനം അറിയിക്കുന്നു എന്നും ... വിശ്വസിക്കുന്ന ഏവനും ഇവനാൽ നീതികരിക്കപ്പെടുന്നു എന്നും നിങ്ങൾ അറിഞ്ഞു കൊൾവിൻ" (അ.പ്ര.13:38,39).

യേശുക്രിസ്തുവിന്റെ പുനരുത്ഥാനം അവന്റെ ദൈവീകത്വത്തിന്റെ പരമമായ സാധൂകീകരണം മാത്രമല്ല യേശുവിന്റെ കഷ്ടപ്പാടും പുനരുത്ഥാനം മുൻകൂട്ടി പറഞ്ഞ പഴയ നിയമ പ്രവചനങ്ങളെയും

# ക്രിസ്തുവിന്റെ അതുല്യമായ മരണം അതിശ്രേഷ്ഠമായ സ്നേഹത്തിന്റെ തെളിവ് !



**സ്നേഹിതന്മാർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമായ സ്നേഹം ആർക്കുമില്ല. (യോഹ.15:13)**

നമ്മുടെ കർത്താവായ യേശു ക്രിസ്തു സ്നേഹം എന്ന വാക്കിനു അതുല്യമായ നിർവചനം നൽകിയിട്ടുണ്ട്. ക്രിസ്തുവിന്റെ ക്രൂശ് മരണം സ്നേഹം അതിശ്രേഷ്ഠമാണെന്നതിന്റെ തെളിവാകുന്നു. വാസ്തവത്തിൽ അവൻ നമ്മോടുള്ള സ്നേഹത്തെ പ്രകടമാക്കി ക്രൂശിൽ തന്റെ കൈകളെ വിടർത്തി ആത്മാവിനെ ഭരമേല്പിച്ചു മരിച്ചു. സ്നേഹം തീർച്ചയായും പ്രകടമാക്കണം അല്ലെങ്കിൽ അതു സ്നേഹമല്ല വെറും സഹതാപം ആയിരിക്കും. ഒരു ദൈവ ഭക്തൻ പറഞ്ഞു, യഥാർത്ഥ സ്നേഹം "കാരണം" അല്ല പിന്നെ "എന്നിട്ടു പോലും" എന്നതാകുന്നു. ഇതിന്റെ അർത്ഥം ഈ സവിശേഷതകളെല്ലാം ഉള്ളതു കൊണ്ട് ഞാൻ സ്നേഹിക്കുന്നു എന്നതല്ല ഇതെല്ലാം ഇല്ലാതിരുന്നിട്ടും ഞാൻ സ്നേഹിക്കുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തു തന്റെ ശരീരത്തിൽ അനുഭവിച്ച കഷ്ടതകളിലൂടെയും ക്രൂശു മരണത്തിലൂടെയും നമ്മോടുള്ള സ്നേഹത്തെ പ്രകടമാക്കി. വിശുദ്ധനായ പൗലൊസ് വ്യക്തമായി പറയുന്നു. "അവൻ നമുക്കു വേണ്ടി തന്റെ പ്രാണനെ വെച്ചു കൊടുത്തതിനാൽ നാം സ്നേഹം എന്ത് എന്ന് അറിഞ്ഞിരിക്കുന്നു" (1 യോഹ.3:16). വിശുദ്ധനായ പൗലൊസും പറയുന്നു, "ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾ തന്നേ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിച്ചിരിക്കുന്നു" (റോമർ.5:8).

തന്റെ ഭൗമീക ജീവിതത്തിൽ യേശു ക്രിസ്തു, സാധുക്കളോടു താദാത്മ്യപ്പെടുക, ആവശ്യക്കാരെ സഹായിക്കുക, സാധാരണക്കാരുമായി ചേർന്നു നിൽക്കുക, അവരുടെ ബലഹീനതകളെ മാന്യമായി രീതിയിൽ കൈകാര്യം ചെയ്യുക, അത്ഭുതങ്ങൾ പ്രവർത്തിക്കുക തുടങ്ങിയ വിവിധ രീതിയിൽ തന്റെ ചുറ്റുപാടുമുള്ളവരോടുള്ള സ്നേഹം അത് സാധൂകരിക്കുന്നു (അ.പ്ര.17:2,3). മൂന്നാം നാൾ ഉയിർക്കുമെന്നു യേശു പറഞ്ഞ സ്വന്ത വാക്കിന്റെ ആധികാരികത ഉറപ്പിക്കുന്നതാണ് ക്രിസ്തുവിന്റെ പുനരുത്ഥാനം (മർക്കൊസ്. 8:31; 9:31;10:34). യേശു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ നാമും ഉയിർക്കുമെന്ന പ്രത്യാശ ഇല്ലാത്തവരാകുന്നു. ക്രിസ്തു ഉയിർത്തിട്ടില്ലെങ്കിൽ നമുക്കു രക്ഷകനില്ല, രക്ഷയില്ല, നിത്യജീവനെ കുറിച്ചുള്ള പ്രത്യാശയില്ല. പൗലൊസ് പറഞ്ഞതു പോലെ നമ്മുടെ വിശ്വാസം വ്യർത്ഥമായിരിക്കും, സുവിശേഷം പൂർണ്ണമായും ശക്തിയില്ലാത്തതായിരിക്കും നമ്മുടെ പാപങ്ങൾ പൊറുക്കപ്പെടാതെ നിലനിൽക്കും (1 കൊരി.15:14-19). അതെ, തീർച്ചയായും ക്രിസ്തുവിന്റെ ക്രൂശും അവന്റെ പുനരുത്ഥാനവും ആണ് മിഷനറി പ്രവർത്തനത്തിന്റെ കാതൽ.!

റവ. ഹുത്തോയ് അച്ചുമി,
റീജിനൽ സെക്രട്ടറി,
മൊബലൈസേഷൻ ദീമാപൂർ, നാഗലാണ്ട്

പ്രകടമാക്കി. ദൈവസ്നേഹത്തിന്റെ സമ്പൂർണ്ണത ജനങ്ങൾക്കു വേണ്ടിയുള്ള തന്റെ ക്രൂശ് മരണത്തിലൂടെ പ്രദർശിപ്പിച്ചു. ഒരാളുടെ ജീവൻ ബലിയർപ്പിക്കുന്നത് അവനുള്ളതെല്ലാം ത്യജിക്കുന്നതാണ്. അതെ യേശു സമ്പൂർണ്ണമായി സ്നേഹം ആകുന്നു. സ്നേഹത്തിന്റെ ഉൽകൃഷ്ട കർമ്മം യേശു പ്രകടിപ്പിച്ചു.

മറ്റുള്ളവർക്കു വേണ്ടിയും സമൂഹത്തിന്റെ നന്മക്കും വേണ്ടിയുമുള്ള ഒരാളുടെ മരണത്തിൽ നിന്നു ക്രിസ്തുവിന്റെ മരണം വ്യത്യസ്തമാകുന്നത് എതു വിധത്തിലാകന്നു.

## 1. എന്നേക്കും അനശ്വരനായവൻ മർത്യനായി

ആരെങ്കിലും തൻെറ സുഹൃത്തുക്കൾക്കോ രാജ്യത്തിനോ പൊതുവായ ഒരു ആവശ്യയത്തിനോ വേണ്ടി തന്റെ ജീവനെ നൽകുമ്പോൾ അമർത്യമായ ജീവനല്ല നൽകുന്നത്. തന്റെ സ്വഭാവിക മരണത്തിനു അല്പം മുമ്പെ തന്റെ ജീവനെ ത്യജിക്കുന്നു എന്നു മാത്രം. എന്നാൽ യേശുവിന്റെ മരണം അത്തരത്തിലുള്ളതല്ല. നമ്മുടെ കർത്താവായ യേശുക്രിസ്തു നിത്യനും ശാശ്വതനും പരിശുദ്ധനും ആകുന്നു. ദൈവവചന പ്രകാരം പാപം ചെയ്യുന്ന ദേഹി മരിക്കും (യെഹ. 18:20). യേശുക്രിസ്തു സ്വയം തൻെറ ജീവനെ കുറിച്ചു പറഞ്ഞത്, “ആരും അതിനെ എന്നോടു എടുത്തു കളയുന്നില്ല; ഞാൻ തന്നേ അതിനെ കൊടുക്കുന്നു; അതിനെ കൊടുപ്പാൻ എനിക്കു അധികാരം ഉണ്ട്; വിണ്ടും പ്രാപിപ്പാനും അധികാരം ഉണ്ട്; ഈ കല്പന എന്റെ പിതാവിങ്കൽ നിന്നു എനിക്കു ലഭിച്ചിരിക്കുന്നു” (യോഹ.10:18). മർത്യനായ മനുഷ്യനു മരിക്കുവാൻ മാത്രമേ ശക്തിയുള്ളു എന്നാൽ ക്രിസ്തുവിനു ജീവിക്കുന്നതിനും അധികാരമുണ്ട്. യേശുവിന്റെ ജീവൻ മരണമില്ലാത്തതാകുന്നു. മരണമില്ലാത്ത തന്റെ ജീവനെ മരണത്തിനു ഏല്പിച്ചു കൊടുത്തു കൊണ്ട് ക്രിസ്തു നമ്മോടുള്ള സ്നേഹത്തെ പ്രകടിപ്പിച്ചു.

## 2. ഇതര മാർഗ്ഗമില്ല പക്ഷേ അനിവാര്യമാണ്

പൊതുവെ കാരണമുണ്ടെങ്കിൽ ആർക്കും മറ്റൊരാളുടെ സ്ഥാനത്തു മരിക്കാം. ഒരു അനുയായി തന്റെ നേതാവിനു വേണ്ടി മരിക്കും. പൊതു താല്പര്യത്തിനായി ആരെങ്കിലും മരിക്കുവാൻ തയ്യാറായാൽ തീർച്ചയായും രക്ഷപ്പെടാനുള്ള അവസരം ഉണ്ട്. അവസാന നിമിഷമെങ്കിലും താൻ മരണത്തിൽ നിന്നു രക്ഷപ്പെടുമെന്നു അദ്ദേഹത്തിനു ചിന്തിക്കാം. അതാണ് ഇന്നത്തെ പൊതു രാഷ്ട്രീയ മണ്ഡലങ്ങളിൽ നടക്കുന്നത്. എന്നാൽ യേശുവിന്റെ വിഷയത്തിൽ ഇതര മാർഗ്ഗമൊന്നുമില്ല. യേശു മരിക്കണം അല്ലെങ്കിൽ നാം മരിക്കും. മറ്റൊരു മാർഗ്ഗവുമില്ല. അവന്റെ മരണത്തിലൂടെ മാത്രമേ നമുക്കു രക്ഷ ലഭിക്കയുള്ളു എന്നത് യേശുവിനു അറിയാമായിരുന്നു. അതെ യേശുവിനു മറ്റു വഴികളൊന്നുമില്ലായിരുന്നു. നമ്മുടെ സ്ഥാനത്തു മരിക്കുവാൻ യേശു മാത്രമേ ഉള്ളു എന്നത് വസ്തുതയാകുന്നു.

## 3. കടപ്പെട്ടില്ല, എന്നാൽ കടം വീട്ടി

സാധാരണ ആളുകൾ മരിക്കുന്നത് അവർ മറ്റൊരാളോടു കടപ്പെട്ടിരിക്കുമ്പോഴോ അല്ലെങ്കിൽ ഒരു പൊതു ആവശ്യത്തിനോ ആണ്. തന്റെ യജമാനനോടുള്ള തന്റെ വിശ്വസ്തത പ്രകടമാക്കുന്നതിനു ഒരുവൻ പക്ഷേ മരിക്കുമായിരിക്കാം. ഇവിടെ അനുസരണമില്ലാത്ത ജനത്തിനു വേണ്ടി, തന്നെക്കാൾ താഴ്ന്ന പദവിയിലുള്ളവർക്കായി ക്ഷമ ചോദിക്കാത്തവർക്കായി, നന്ദിയില്ലാത്തവർക്കായി, താൻ ഒരിക്കലും കടപ്പെട്ടിട്ടില്ലാത്ത ആൾക്കു വേണ്ടിയാണ് യേശു തന്റെ ജീവനെ നൽകുന്നത്. യേശുവിനു തന്റെ ഹൃദയത്തിൽ മറ്റൊരു ലക്ഷ്യവുമില്ലായിരുന്നു. യേശു നമ്മെ സ്നേഹിച്ചു നമുക്കു വേണ്ടി തന്റെ ജീവനെ നൽകി.

## 4. ആദ്യത്തെയും ഏകപക്ഷിയവുമായ സ്നേഹം.

സാധാരണയായി ആളുകൾ തങ്ങൾ സ്നേഹിക്കുന്ന കുടുംബാംഗങ്ങൾക്കു

വേണ്ടിയോ സ്നേഹിതർക്കു വേണ്ടിയോ മരിക്കും. എന്നാൽ ഇവിടെ യേശുവിന്റെ സൗഹൃദം ഏകപക്ഷിയമാകുന്നു. അവൻ നമ്മെ സ്നേഹിതർ എന്നു വിളിച്ചു, എന്നാൽ നമ്മുടെ ഹൃദയം അവനെ ശത്രുവെന്നു വിളിച്ചു, നാം അവനെ എതിർക്കുന്നു. അവൻ നമ്മെ ആദ്യം സ്നേഹിച്ചു, എന്നാൽ നാം അവന്റെ സ്നേഹത്തിനു പകരമായി അവനെ സ്നേഹിച്ചില്ല. യേശുവിനെ മനുഷ്യർ നിന്ദിച്ചു, ത്യജിച്ചു (യെശ.53:3) എന്നാൽ യേശു സ്നേഹമെന്തന്നറിയാത്ത നമുക്കു വേണ്ടി തന്റെ ജീവനെ നൽകി.

### 5. ജേതാവ് ഇരയായി.

പൊതുവായി ഒരു നിയമം ഉണ്ട് അനേക കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുത്. നമുക്കു വേണ്ടി അവൻ ശിക്ഷ ഏറ്റെടുത്തു. നമ്മുടെ പാപത്താൽ ബാധിക്കപ്പെട്ടവനായി അവൻ ശിക്ഷ വിധിക്കപ്പെട്ടു. നാം പാപം ചെയ്തിട്ടില്ലായിരുന്നെങ്കിൽ അവനെ അതു ബാധിക്കയില്ലായിരുന്നു. നാം അവനു വിരോധമായി ചെയ്തു പാപം നിമിത്തം യേശു നമുക്കു പകരമായി മരിച്ചു.

### 6. വിശുദ്ധിയാണ് മരിക്കുവാനുള്ള അവന്റെ യോഗ്യത.

പൊതുവായി ഒരാൾ മറ്റൊരാൾക്കു വേണ്ടി ഏതു കാരണത്താൽ മരിക്കുവാൻ തയ്യാറായാലും അയാളുടെ പാപത്തിനു വേണ്ടി മരിക്കുകയില്ല. പാപത്തിനു വേണ്ടി മരിക്കുവാൻ യേശുവിനു മാത്രമേ കഴികയുള്ളു. കാരണം യേശു അല്ലാതെ ആരും വിശുദ്ധരായിട്ടില്ല. അവന്റെ മരണത്തിനു മാത്രമേ മാനവജാതിക്കു രക്ഷ നൽകുവാൻ സാധിക്കയുള്ളു. മരത്തിന്മേൽ തൂങ്ങുന്നവൻ ശപിക്കപ്പെട്ടവൻ എന്നു എഴുതിയിരിക്കുന്നതു പോലെ ക്രിസ്തു നമുക്കു വേണ്ടി ശാപമായിത്തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നു നമ്മെ വിലെക്കു വാങ്ങി (ഗലാത്യർ 3:13). അതെ പാപികളായ നമ്മെ വീണ്ടെടുക്കുന്നതിനായി പരിശുദ്ധനായവൻ അശുദ്ധരായ നമുക്കു വേണ്ടി മരിച്ചു. അതുനിമിത്തം പാപികളായ നമുക്കു വീണ്ടെടുപ്പ് ലഭിച്ചു.

### 7. എളുപ്പ വഴിയുള്ള മരണം നിരസിച്ചു

സാധാരണ മറ്റുള്ളവർക്കു വേണ്ടി മരിക്കുവാൻ ആരെങ്കിലും തയ്യാറായാൽ എളുപ്പ വഴിയുള്ള മരണം തിരഞ്ഞെടുക്കും. മരണവിധി ലഭിക്കുന്ന ആളുകളെ പോലും വലിയ പീഡനമില്ലാതെ നിമിഷങ്ങൾക്കകം കൊല്ലും. ക്രിസ്തുവിനായി രക്തസാക്ഷികളായ അനവധിയാളുകൾക്കു സ്വർഗ്ഗീയ സൗഭാഗ്യങ്ങൾ ദർശിച്ച് ആനന്ദത്തോടെ മരിക്കുന്നതിനു ഭാഗ്യം ലഭിച്ചിട്ടുണ്ട്. അതിലുപരി ചുറ്റുപാടും നിൽക്കുന്ന പ്രീയപ്പെട്ടവരുടെ സ്നഹവും സഹതാപവും അവരിൽ പലരും സ്വന്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ യേശു ക്രൂശീകരണ സമയത്തു തന്നെ ഒരുതരം ലഹരിയിലേക്കു നയിക്കുവാൻ സാധ്യതയുള്ള പുളിച്ച വിഞ്ഞു കുടിക്കുവാൻ തയ്യാറായില്ല. മാത്രമല്ല, യേശു ശത്രുക്കളാൽ വലയം ചെയ്യപ്പെട്ടവനായി മരിച്ചു. പിതാവു പോലും യേശുവിൽ നിന്നു മുഖം തിരിച്ചു. ഡോ. സാം കമലേശൻ പറഞ്ഞതു പോലെ “സ്വർഗ്ഗം യേശുവിനെ തള്ളിക്കളഞ്ഞു, ഭൂമിയും യേശുവിനെ തള്ളിക്കളഞ്ഞു. എന്നാൽ യേശു ദൈവഹിതം നിറവേറ്റി”.

അതെ, നമ്മെ സ്നേഹിച്ചു, നമ്മെ പാപത്തിൽ നിന്നു വീണ്ടെടുത്ത് ക്രിസ്തുവിനോടും നമ്മുടെ സഹജീവികളോടുമുള്ള സ്നേഹത്തിൽ അതുല്യരായിരിക്കുവാൻ നമ്മെ ക്ഷണിക്കുന്നതാണ് ക്രിസ്തുവിന്റെ ക്രൂശു മരണതത്തിന്റെ പ്രത്യേകത. ഈ നോമ്പു കാലത്ത് ക്രൂശിൽ പ്രദർശിപ്പിച്ച യേശുവിന്റെ സ്നേഹത്തോടുള്ള നമ്മുടെ അതുല്യമായ പ്രതികരണം എന്താണ്!

## മിഷൻ വയൽ സന്ദർശനം

## CSI ട്രിച്ചി - തഞ്ചാവൂർ മഹായിടവക നേതാക്കന്മാർ






2022 ഫെബ്രുവരി 24 ന് ഞങ്ങൾ 13 പേർ ട്രിച്ചി - തഞ്ചാവൂർ മഹായിടവക അദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. ഡി. ചന്ദ്രശേഖരൻ ബിഷപ്പിന്റെ നേതൃത്വത്തിൽ ബിഷപ്പിന്റെ ഭാര്യ, ക്ലർജി സെക്രട്ടറി, അത്മായ സെക്രട്ടറി, മഹായിടവക ഭാരവാഹികൾ, യുവജനങ്ങളുടെയും കുട്ടികളുടെയും വിഭാഗ ഡയറക്ടറന്മാർ എന്നിവരുടെ കൂടെ FMPB നേതാക്കന്മാരുടെ സഹായത്താൽ ജാർഖണ്ഡിലുള്ള മിഷൻ വയലുകൾ സന്ദർശിച്ചു. 24 രാത്രിയിൽ ഞങ്ങൾ ജാർഖണ്ഡിലുള്ള ബർഹർവായിലെത്തി.

25 ന് ഖാദിയിലെ കമ്യൂണിറ്റി കോളജിൽ സംഘടിപ്പിച്ച മിഷനറി സംഗമത്തിൽ പങ്കെടുത്തു. FMPB ജനറൽ സെക്രട്ടറി ജോൺ ബർലിൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ബിഷപ്പ് ദൈവവചനം പങ്കുവെച്ചു. മാൾട്ടോ ജനങ്ങളുടെ മദ്ധ്യേ FMPB ചെയ്ത ശുശ്രൂഷകളുടെ ഡോക്യുമെന്ററി പ്രദർശിപ്പിച്ചു. അവിടെ നിന്നു കോതമ്പു മണിയായി ആ മണ്ണിൽ വീണ മിഷനറിമാരുടെ കല്ലറകൾ സന്ദർശിച്ചു. മിഷനറിമാരുടെ സമർപ്പണവും കഠിനാദ്ധ്വാനവും ത്യാഗവും മാൾട്ടോ സഭയുടെ വളർച്ചയുടെ വിത്തായി തീർന്നു എന്നതു ഞങ്ങൾ മനസ്സിലാക്കി ദൈവത്തെ സ്തുതിച്ചു.

പിന്നീട് ഞങ്ങൾ ഗംഗോപാട ബാലിക ഭവനം സന്ദർശിച്ചു. അവിടെ യൂണിഫോം ധാരികളായ പെൺകുട്ടികൾ അവരുടെ സാംസ്കാരികമായ ഗാനത്തോടും നൃത്തത്തോടും കൂടെ ഞങ്ങളെ സ്വീകരിച്ചു. അവിടെ നടത്തിയ യോഗത്തിൽ ബിഷപ്പ് അമ്മ ദൈവവചനം പങ്കുവെച്ചു. ബഷപ്പ് കുട്ടികളുടെ അഭിലാഷം എന്താണെന്നു ചോദിച്ചപ്പോൾ അവരിൽ ഭൂരിപക്ഷവും മിഷനറിമാരാകുവാൻ ആഗ്രഹിക്കുന്നു എന്നാണ് പറഞ്ഞത്. ഈ സമർപ്പണം കർത്താവിനോടുള്ള അവരുടെ സ്നേഹവും ആശങ്കകളും പ്രകടമാക്കുന്നതായിരുന്നു.

പമ്മേനിയിലെ ബാലഭവനവും സ്കൂളും സന്ദർശിക്കുന്നതിനു ഞങ്ങൾക്കു അവസരം ലഭിച്ചു. അടിസ്ഥാന സൗകര്യങ്ങൾ ഒന്നുമില്ലാതെ കാടിന്റെ ഉൾപ്രദേശമായ ബെഡോപൊഖ്രിയ പ്രദേശത്തുള്ള ബാലഭവനത്തിലെ വിദ്യാർത്ഥി വിദ്യാർത്ഥിനികളെ സന്ദർശിച്ചു. സാധുക്കളും അശരണരുമായ കുഞ്ഞുങ്ങൾക്കു വിദ്യാഭ്യാസം നൽകുന്നതിനു FMPB മിഷനറിമാർ എടുക്കുന്ന ഉദ്യമങ്ങളെ കണ്ടു ഞങ്ങൾ ആശ്ചര്യപ്പെട്ടു.

ചണ്ടിക്കോള ഗ്രാമത്തിൽ ഡോ. വിൽസെന്റ് ക്രിസിന്റെ നേതൃത്വത്തിൽ വിപുലമായ സൗകര്യങ്ങളോടു പ്രവർത്തിക്കുന്നതിനു സജ്ജമാക്കുന്ന ആശുപത്രി ഞങ്ങൾ സന്ദർശിച്ചു. ഇവിടെ അടിയന്തിരമായി നേഴ്സുമാരെ ആവശ്യമാണ്. ആശുപത്രിയിലേക്കു എത്തുന്നതിനു റോഡു സൗകര്യം ലഭ്യമാകേണ്ടതും ആവശ്യമാണ്. സൗഖ്യദായകനായ ദൈവാത്മാവിന്റെ ശക്തിയാൽ നിരാലംബരായ ജനങ്ങളുടെ മദ്ധ്യേ പ്രവർത്തിക്കുന്ന മെഡിക്കൽ സംഘത്തെ ഓർത്തു കണ്ണുനീരോടെ ദൈവത്തെ സ്തുതിക്കുന്നു.

26 ന് ബേൽഡിഹ ഗ്രാമത്തിലും 27 ന് സാഹർജുഡി ഗ്രാമത്തിലും സംഘടിപ്പിച്ച സുവിശേഷ മേളയിൽ സംബന്ധിച്ചു. ഇവിടെ കൂടിവന്ന ആയിരക്കണക്കിനു വിശ്വാസികൾക്കായി ദൈവത്തെ സ്തുതിക്കുന്നു. അവർ ഞങ്ങളെ സാംസ്കാരിക നൃത്തത്താലും പാട്ടുകളാലും സ്വീകരിച്ചു. ഇവിടെ നടത്തിയ യോഗങ്ങളിൽ ബിഷപ്പ് അമ്മ ദൈവവചനം പങ്കുവെച്ചു. കുട്ടികൾക്കും യൗവ്വനക്കാർക്കും പ്രത്യേക യോഗങ്ങൾ സംഘടിപ്പിച്ചിരുന്നു. പുതിയ വിശ്വാസികളുടെ ദൈവവിശ്വാസം പരമ്പരാഗത വിശ്വാസികളെക്കാൾ മികച്ചതാണെന്നു ഞങ്ങൾ മനസ്സിലാക്കി. അവരുടെ ഉറച്ച വിശ്വാസത്തിന്റെയും ആത്മീക വളർച്ചയുടെയും അവരുടെ മദ്ധ്യേ പ്രവർത്തിക്കുന്ന പരിശുദ്ധാത്മ ശക്തിയുടെയും സാക്ഷ്യം ഞങ്ങളുടെ ഓർമ്മകളിൽ നിന്നും ഒരിക്കലും മായ്ക്കാനാകയില്ല.

ഇത്തരത്തിലുള്ള ഒരു മിഷൻ വയൽ സന്ദർശനം ഞങ്ങളുടെ മഹായിടവകയുടെ ആദ്യ സംരംഭമാകുന്നു. ദൈവരാജ്യം വിപുലപ്പെടുത്തുന്നതിനായി പ്രാർത്ഥനയിലൂടെയും സാമ്പത്തിക സഹായത്തിലൂടെയും മാനവശേഷി പങ്കുവെക്കുന്നതിലൂടെയും സഭയും മിഷനും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തേണ്ടത് അടിയന്തിര ആവശ്യമാണെന്നതു ഞങ്ങൾക്കു ബോധ്യമായി. FMPB യുടെ പ്രവർത്തനത്തിനായി ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. FMPB നേതാക്കന്മാരോടും പ്രത്യേകാൽ ജനറൽ സെക്രട്ടറി റവ. ജോൺ ബർലിനോട് - ഞങ്ങളെ ക്ഷണിച്ചതിന്, ആതിഥ്യമരുളിയതിന്, ദൈവീക ശുശ്രൂഷയിൽ ഞങ്ങളെ ഉപയോഗിച്ചതിന് - ഞങ്ങൾ നന്ദിയുള്ളവരാണ്. ഈ മിഷൻ വയൽ സന്ദർശനം യാഥാർത്ഥ്യമാക്കിയ ട്രിച്ചിയിലുള്ള FMPB നേതാക്കന്മാരോടുള്ള നന്ദിയും അറിയിക്കുന്നു. ഈ മിഷൻ വയൽ സന്ദർശനം പുതിയ അനുഭവത്തിലേക്കും ദൈവ ശുശ്രൂഷയോടുള്ള പ്രതിബദ്ധതയിലേക്കും ഞങ്ങളുടെ കണ്ണുകൾ തുറന്നിട്ടുണ്ടെന്നതിൽ സംശയമില്ല. ദൈവ നാമം മഹത്വപ്പെടുമാറാകട്ടെ!

**റവ. സുദർശൻ,** ക്ലർജി സെക്രട്ടറി - CSI, ട്രിച്ചി - തഞ്ചാവൂർ മഹായിടവക


PLEASE VISIT OUR WEBSITE FOR MORE INFORMATION

www.fmpb.co.in



# മിഷനറി ജീവചരിത്രം



## ശ്രീ. കൊങ്കാനി പ്രവീൺബായി ലച്ചുബായ് & ശ്രീമതി പാറുബൻ ചിത്തിരബായ്

### ആദ്യകാല ജീവിതം

ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡ് ഇതര സംസ്കാരത്തിലുള്ളവരുടെ മദ്ധ്യ പ്രവർത്തനം ആരംഭിച്ച ആദ്യ കാലത്തു തന്നെ കുക്ന ജാതികളുടെ ഇടയിലെ ശുശ്രൂഷക്കായി 1976 ൽ ഗുജറാത്തിൽ ഡാങ്സ് ജില്ലയിലെ വഗൈ, ഹൽമോടി എന്നീ മിഷൻ വയലുകൾ ആരംഭിച്ചു. ചെറിയ ആരംഭത്തെ കർത്താവ് ആശീർവദിച്ചു. ആയിരക്കണക്കിനു കുക്ന ജനങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു അനേക ആരാധനക്കൂട്ടങ്ങളിലായി അവർ ദൈവത്തെ ആരാധിക്കുവാൻ തുടങ്ങി. പിന്നീടുള്ള നാളുകളിൽ കുക്ന ആരാധനക്കൂട്ടങ്ങളിൽ നിന്ന് ധാരാളം യൗവ്വനക്കാരെ മിഷനറിമാരായി എഴുന്നേല്പിച്ചു. ദൈവീക കരം അവരുടെ മേൽ സമൃദ്ധിയായ അനുഗ്രഹം ചൊരിയുന്ന കാഴ്ച ആശ്ചര്യകരമായിരുന്നു. ഇത്തരത്തിൽ ഇവരുടെ മദ്ധ്യ നിന്നു ഉയർന്നു വന്ന മിഷനറി കുടുംബങ്ങളിൽ ഒന്നായിരുന്നു ശ്രീ. കൊങ്കാനി പ്രവീൺബായി ലച്ചുബായിയുടെ കുടുംബം. ഇവർ ഗുജറാത്തിലെ വ്യാരയിലുള്ള കുയിലി പാട ഗ്രാമത്തിൽ നിന്നുള്ളവരായിരുന്നു. കൊങ്കാനി പ്രവീൺബായി 1979 മെയ് 1 ന് ഒരു ആക്രൈസ്തവ ആദിവാസി കുടുംബത്തിലാണ് ജനിച്ചത്.

കൊങ്കാനി പ്രവീൺബായിയുടെ പിതാവായ ലച്ചുബായി ഒരു കർഷകൻ ആയിരുന്നു. അവന്റെ മാതാവ് സത്താര ദേവി. അവർ കൃഷിയിലൂടെയും കന്നുകാലി, കോഴി എന്നിവയെ വളർത്തിയും ഉപജീവന മാർഗ്ഗം കണ്ടെത്തി. പ്രവീൺബായിയുടെ ചെറുപ്പത്തിൽ തന്നെ പിതാവ് രോഗബാധിതനായി മരിച്ചു. മാതാവ് അവനെയും ഇളയ സഹോദരൻ ഗിരീഷ് ബായിയെയും പരിപാലിച്ചു വളർത്തി.

### രക്ഷ

FMPB മിഷനറിമാരുടെ ശുശ്രൂഷയാൽ ശ്രീമതി സത്താര ബൻ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കുക്ന ജനങ്ങളിൽ ഭൂരിപക്ഷവും അക്ഷരജ്ഞാനം ഇല്ലാത്തവരായതിനാൽ രണ്ടാം തലമുറക്കു വിദ്യാഭ്യാസം നൽകേണ്ട ചുമതല മിഷനറിമാരുടെ ചുമലിൽ ആയി. FMPB മിഷനറിമാർ പലതരത്തിൽ പ്രയത്നിച്ചു ബാലഭവനങ്ങൾ ആരംഭിച്ചു. ഇത്തരത്തിലുള്ള ബാലഭവനം FMPB യുടെ സഹോദര സ്ഥാപനമായ നവജീവൻ സേവ മണ്ഡൽ (NMS) ഏറ്റെടുത്തു നടത്തി. NMS ന്റെ ഒരു ബാലഭവനത്തിൽ പഠിക്കുന്നതിനുള്ള അവസരം കൊങ്കാനി പ്രവീൺബായിക്കു ലഭിച്ചു. ഒന്നാം ക്ലാസ്സ് മുതൽ ഒമ്പതാം ക്ലാസ്സ് വരെ അവൻ ആ ബാലഭവനത്തിൽ പഠിച്ചു. അവിടെവെച്ചു അവൻ യേശുവിനെയും വേദപുസ്തകത്തെയും ക്രിസ്തീയ ജീവിതത്തെയും മനസ്സിലാക്കി.

NMS ബാലഭവനങ്ങളിലെ കുട്ടികൾക്കായി ഒരു പ്രത്യേക യോഗം 1994 ൽ സംഘടിപ്പിച്ചു. ഒമ്പതാം ക്ലാസ്സിൽ പഠിച്ചു കൊണ്ടിരുന്ന പ്രവീൺബായി അന്ന് യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. അന്നു മുതൽ പ്രവീൺ

ബായി വേദപുസ്തകം ചിട്ടയായും ക്രമമായും വായിക്കുവാനും ദൈവത്തോടു പ്രാർത്ഥിക്കുവാനും തുടങ്ങി. അവന്റെ മാനസാന്തരപ്പെട്ട ജീവിതത്തിനു അനേകർ സാക്ഷികളായി. സഭയുടെയും NMS ന്റെയും എല്ലാ ക്രിസ്തീയ പ്രോഗ്രാമുകളിലും അവൻ സജീവമായി പങ്കെടുത്തു.

## മിഷൻ പ്രവർത്തനത്തിനായുള്ള ആഹ്വാനം

അതിനെ തുടർന്നു അവന്റെ ഗ്രാമത്തിലെ ജനങ്ങളെ കുറിച്ചു ഒരു ആത്മഭാരം അവന്റെ ഉള്ളിൽ ഉരുവായി. തന്റെ ഗ്രാമത്തിലുള്ളവരോടും സ്വന്തക്കാരോടും സുവിശേഷം പ്രസംഗിക്കുന്നതിനുള്ള എരിവ് അവന്റെ ഹൃദയത്തിൽ കത്തിക്കൊണ്ടിരുന്നു. തന്റെ ക്രിസ്തീയ സുഹൃത്തുക്കളുമായുള്ള കൂട്ടായ്മയിലൂടെ ആത്മീകമായി വളർന്നു. വേദപുസ്തകം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന വേളയിൽ തന്റെ സ്വന്ത ജനത്തെ അന്ധകാരത്തിൽ നിന്നു പ്രകാശത്തിലേക്കു നയിക്കേണ്ട ഉത്തരവാദിത്വം തനിക്കുണ്ടെന്നു ബോധ്യമായി. NMS സംഘടിപ്പിച്ച അടുത്ത ആത്മീക യോഗത്തിൽ ബാലഭവനത്തിലെ തന്റെ സഹപാഠികളോടു കൂടെ സംബന്ധിക്കുന്ന വേളയിൽ യെശ.6:8 ന് ആധാരമാക്കി പ്രസംഗകൻ നൽകിയ സന്ദേശം തന്റെ ഹൃദയത്തെ സ്പർശിച്ചു. സ്വന്ത ജനത്തോടു സുവിശേഷം അറിയിക്കുന്നതിനു പങ്കാളികളാകുവാൻ ആഹ്വാനം നല്കി. പ്രവീൺബായി ദൈവവിളിയോടു പ്രതികരിച്ചു. ഒരു മിഷനറിയായി പോകുവാൻ തന്നെ സമർപ്പിച്ചു. ദൈവവേല ചെയ്യുവാൻ തീരുമാനമെടുത്തതിൻ പ്രകാരം സ്കൂൾ പഠനം പൂർത്തീകരിച്ച ഉടനെ സുവിശേഷ വേലക്കു പ്രാപ്തനാകുന്നതിനായി ഗുജറാത്ത് ബൈബിൾ കോളജിൽ ചേർന്നു. 2001 ൽ വേദശാസ്ത്ര പഠനം പൂർത്തീകരിച്ചു. FMPB തന്റെ ഗ്രാമത്തിലും മറ്റിടങ്ങളിലും സുവിശേഷം പ്രസംഗിച്ചതു പോലെ സുവിശേഷം പ്രസംഗിക്കുവാൻ ആഗ്രഹിച്ചു FMPB യിൽ ചേർന്നു. ഒരു വർഷത്തെ മിഷനറി പരിശീലനത്തിനായി ഉത്തർപ്രദേശിലെ കച്ചുവായിലേക്കു അയച്ചു. പരിശീലനം വിജയകരമായി പൂർത്തീകരിച്ച പ്രവീൺബായിയെ ഛത്തീഷ്ഘട്ടിലുള്ള ഒറാവൻ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യേ പ്രവർത്തിക്കുന്നതിനായി തപുക്കാര മിഷൻ വയലിൽ നിയോഗിച്ചു.

## പാറുബൻ ചിത്തരബായി

ഗുജറാത്തിലെ വ്യാര ജില്ലയിലുള്ള പർദിയ ഗ്രാമത്തിൽ 1976 സെപ്റ്റംബർ 1 ന് പാറുബൻ ജനിച്ചു. അവളുടെ പിതാവ് ചിത്തരബായിയും മാതാവ് ഇദു ബന്നും FMPB യുടെ ശുശ്രൂഷയിലൂടെ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ചിത്തിരബായി രോഗിയായിരുന്ന വേളയിൽ നമ്മുടെ മിഷനറിമാരായിരുന്ന റവ. യിസ്രായേൽ ദേവദാസും റവ. ജോൺസൺ ബർന്നബാസും സുവിശേഷം അറിയിച്ച് അവനു വേണ്ടി പ്രാർത്ഥിച്ചു. ദൈവം അവനു പരിപൂർണ്ണ സൗഖ്യം നൽകി അങ്ങനെ അവൻ കുടുംബത്തോടു കൂടെ യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു.

പാറുബന്നിനെ വിദ്യാഭ്യാസത്തിനായി വ്യാരയിലുള്ള ബഥേൽ ബാലഭവനത്തിലേക്കു അയച്ചു. പാറുബൻ അവിടെ പഠിച്ചു കൊണ്ടിരിക്കുമ്പോൾ ക്രിസ്തുവിനെയും ക്രിസ്തുവിന്റെ ത്യാഗപൂർവ്വമായ അതുല്യ സ്നേഹത്തെയും അറിഞ്ഞു. 1996 ൽ ബാലഭവനത്തിലെ കുട്ടികൾക്കായി നടത്തിയ പ്രത്യേക യോഗത്തിൽ പാറുബൻ ക്രിസ്തുവിനെ അനുഗമിക്കുമെന്ന ഉറച്ച തീരുമാനം എടുത്തു തന്റെ പാപത്തെ ഏറ്റുപറഞ്ഞ് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ബാലഭവനത്തിലെ ചുറ്റുപാടുകൾ ആത്മീകമായി അനുദിനം വളരുന്നതിനു അവളെ സഹായിച്ചു.

പാറുബൻ ദിനം തോറും ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും ചെയ്തു. അവൾ ബാലഭവനത്തിലെ മറ്റു പെൺകുട്ടികളുമായി ചേർന്നു രാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കുമായിരുന്നു.

1997 ൽ വ്യാരയിൽ നടത്തിയ ആത്മീക യോഗത്തിൽ പാറുബൻ സംബന്ധിച്ചു. ആ യോഗത്തിൽ അനേക ദൈവദാസന്മാർ ദൈവവചനം പങ്കുവെച്ചു. ചില മിഷനറിമാർ അവരുടെ സാക്ഷ്യവും ശുശ്രൂഷ അനുഭവങ്ങളും പങ്കുവെച്ചു. മിഷനറിമാരുടെ സാക്ഷ്യം പാറുബന്നിന്റെ ജീവിതത്തെ സ്പർശിച്ചു. കർത്താവിന്റെ വേലക്കായി അവൾ സ്വയം സമർപ്പിച്ചു. സ്കൂൾ അവിധി കാലത്തു അവൾ സ്വന്തഗ്രാമത്തിലുള്ളവരോടു സുവിശേഷം പങ്കകുവെച്ചു. കുട്ടികൾക്കായി സണ്ടെസ്കൂളും വിബിഎസും സംഘടിപ്പിച്ചു. അവൾ കോളജിൽ പോയി പഠിച്ചു 1997 ൽ ബിരുദം കരസ്ഥമാക്കി. മിഷനറിയായി പോകുവാനുള്ള താല്പര്യത്തോടെ FMPB യുടെ ഇന്റർവ്യൂവിൽ പങ്കെടുത്തു. അവളെ മിഷനറിയായി തിരഞ്ഞെടുത്തു. ഒരു വർഷത്തെ മിഷനറി പരിശീലനത്തിനു ശേഷം ഹരിയാനയിൽ സ്ത്രീകളുടെ ഇടയിലെ പ്രവർത്തനത്തിനായി നിയോഗിച്ചു.

## വിവാഹ ജീവിതം

മാതാപിതാക്കൾ പാറുബന്നും പ്രവീൺ ബായിയും തമ്മിലുള്ള വിവാഹം ക്രമീകരിച്ചു. 2005 മെയ് 14 ന് കുയിലിപാട ദൈവാലയത്തിൽ വെച്ചു ഇവരുടെ വിവാഹം നടന്നു. വിവാഹ സദ്യ പർദപാട ഗ്രാമത്തിൽ നടത്തി. ക്രീസ്തീയ ആചാര പ്രകാരമുള്ള ഈ വിവാഹത്തിനു അനേക അക്രൈസ്തവരും സാക്ഷികളായി. ദൈവം ഇവരുടെ കുടുംബ ജീവിതത്തെ അനുഗ്രഹിച്ചു രണ്ടു മക്കളെ നൽകി. 2006 ൽ മുത്തമകൾ പ്രസന്ന കുമാരി ജനിച്ചു. 2009 ൽ ഇളയമകൻ പ്രിൻസ് ജനിച്ചു.

## സഭാ സ്ഥാപന ശുശ്രൂഷ

കുടുംബമായി ഇവർ ഛത്തീസ്ഘട്ടിലെ തപുകാര മിഷൻ വയലിലെ ഒറാവൻ ജനങ്ങളുടെ മദ്ധ്യയുള്ള ശുശ്രൂഷ തുടർന്നു. അവർ ഗ്രാമം ഗ്രാമമായി സുവിശേഷം പ്രഘോഷിച്ചു. അനേക ആളുകൾ യേശുവിനെ അറിഞ്ഞു ആരാധനയിൽ സംബന്ധിക്കുവാൻ തുടങ്ങി. 239 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു ഏഴു ആരാധനക്കൂട്ടങ്ങളിലായി ജീവനുള്ള ദൈവത്തെ ആരാധിക്കുന്നു. ഇതു കൂടാതെ അവർ മൂന്നു ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ നടത്തിയിരുന്നു. ഇതിലൂടെയും അനേകർ സുവിശേഷത്തോടു താൽപര്യം കാണിച്ചു. ആശ്ചര്യകരമാം വിധം അവർ ഒറാവൻ ഭാഷ പഠിച്ചു ജനത്തിന്റെ ഹൃദയ ഭാഷയിൽ സുവിശേഷം പങ്കുവെച്ചു.

## അന്ത്യനാളുകൾ

2010 ജൂൺ 5 ന് പ്രവീൺബായിയും പാറുബന്നും അവരുടെ രണ്ടു കുട്ടികളുടെ കൂടെ മോട്ടർ സൈക്കിളിൽ പാർത്ത്പാട ഗ്രാമത്തിലേക്കു യാത്ര ചെയ്യുകയായിരുന്നു. അവർക്കെതിരെ ഒരു ബസ് യാത്രക്കാരുമായി വരുന്നതു കണ്ടു. ഒരു ഇടുങ്ങിയ പാലം കടന്നു പോകേണ്ടതിനാൽ പാലത്തിനു നൂറു മീറ്റർ മുമ്പ് പ്രവീൺ ബായി മോട്ടർ സൈക്കിൾ നിറുത്തി. പാറുബൻ മോട്ടർ സൈക്കിളിൽ നിന്നു ഇറങ്ങി സമീപത്തു നിന്നു. എതിരെ വന്ന ബസ് പാലം കടന്നു നീയന്ത്രണം വിട്ട് നേരെ വന്നു പ്രവീൺ ബായിയെയും പാറുബന്നിനെയും രണ്ടു കുഞ്ഞുങ്ങളെയും ഇടിച്ചു. ബസിന്റെ ചക്രം പാറുബന്നിന്റെയും പ്രിൻസിന്റെയും മേൽ കയറിയിറങ്ങിതിനാൽ അവർ ഇരുവരും സംഭവ സ്ഥലത്തു വെച്ചു തന്നെ മരിച്ചു. പ്രവീൺബായിയും മകളും ദൂരെക്കു തെറിച്ചു വീണു ബോധം നഷ്ടപ്പെട്ടു. അവരുടെ മകൾ ചെറിയ പരുക്കുകളോടെ രക്ഷപ്പെട്ടു. ഓടിക്കൂടിയ ആളുകൾ പ്രവീൺബായിയെ സമീപത്തുള്ള കൻസബാൽ ആശുപത്രിയിൽ എത്തിച്ചു. ചികിത്സകൾക്കു പ്രവീൺബായിയയെ രക്ഷിക്കുവാൻ കഴിഞ്ഞില്ല. 2010 ജൂൺ 5 ന് പ്രവീൺബായിയും നിത്യതയിൽ പ്രവേശിച്ചു. ഈ സങ്കടകരമായ വാർത്ത അറിഞ്ഞ ഛത്തീസ്ഘട്ടിലുള്ള മിഷനറിമാർ സംഭവ സ്ഥലത്തു

# കോതമ്പു മണിയായി വീണു



**ശ്രീമതി. മനോരമ ദുരൈസിങ്**

(22.04.1944 - 22.02.2022)

FMPB യുടെ മുൻ അസോസിയേറ്റ് ജനറൽ സെക്രട്ടറിയായിരുന്ന പരേതനായ ശ്രീ. ടി ദുരൈസിങിന്റെ ഭാര്യ ശ്രീമതി മനോരമ ദുരൈസിങ് 2022 ഫെബ്രുവരി 22 ന് നിത്യതയിൽ പ്രവേശിച്ചു. തമിഴ്നാട്ടിലെ ക്രിസ്തീയ ഗ്രാമമായ ഇടയകുടിയിലാണ് ജനിച്ചു വളർന്നത്. 1944 ഏപ്രിൽ 22 നാണ് ശ്രീമതി മനോരമ ജനിച്ചത്. പ്രശസ്തമായ സാറ ടക്കർ ഹൈസ്കൂളിലും സാറ ടക്കർ കോളജിലുമാണ് പഠിച്ചത്. B.Sc; B.Ed ബിരുദം കരസ്ഥമാക്കിയ മനോരമ അദ്ധ്യാപികയായി ജോലിയിൽ പ്രവേശിച്ചു. ജോലി ചെയ്യുന്ന വേളയിൽ MA ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി. പണ്ടാരം ചെട്ടിവിളൈ ക്രിസ്ത്യൻ ഗേൾസ് സ്കൂളിൽ അദ്ധ്യാപികയായി സേവനം അനുഷ്ഠിക്കുന്നതിനു അവസരം ലഭിച്ചു. പിന്നീട് പാളയം കോട്ടയിലുള്ള സാറാ ടക്കർ ഹയർ സെക്കണ്ടറി സ്കൂളിലേക്കു മാറ്റം ലഭിച്ചു. അവിടെ നീണ്ട 36 വർഷം അദ്ധ്യാപികയായി ജോലി ചെയ്തു. അവളുടെ സേവനത്തെ മാനിച്ച് മാനേജ്മെന്റ് ശുപാർശ ചെയ്തതിന്റെ ഫലമായി തമിഴ്നാട് സർക്കാർ അദ്ധ്യാപക അവാർഡ് നൽകി ആദരിച്ചു.

1968 ൽ മനോരമയും ശ്രീ. ദുരൈസിങും തമ്മിലുള്ള വിവാഹം നടന്നു. ദൈവം അവർക്കു ജോസഫ് എന്ന ഒരു മകനെ നൽകി അനുഗ്രഹിച്ചു. അദ്ധ്യാപികയായ ശ്രീമതി. മനോരമക്കു കുട്ടികളോടു സുവിശേഷം പങ്കുവെക്കുന്നതിനു ധാരാളം അവസരം ലഭിച്ചിരുന്നു. എല്ലാവർക്കും അടുക്കുവാൻ കഴിയുന്ന പ്രകൃതമുള്ള നല്ല അദ്ധ്യാപികയായിരുന്ന ശ്രീമതി. മനോരമ നല്ലൊരു കൗൺസിലർ കൂടിയായിരുന്നു. നൂറു കണക്കിനു പെൺകുട്ടികൾക്കു യേശുവിനെ അറിയുന്നതിനും ആത്മീകമായി വളരുന്നതിനും ടീച്ചറുടെ ആലോചന സഹായകരമായി. നമ്മുടെ രാജ്യത്തു സുവിശേഷം കേൾക്കാത്ത ജനങ്ങളെ കുറിച്ചു വിദ്യാർത്ഥിനികളുമായി പങ്കുവെച്ചതിന്റെയും അവരോടു കൂടെ പ്രാർത്ഥിച്ചതിന്റെയും ഫലമായി ഏതാനും ചില ക്രിസ്തീയ കുട്ടികൾ മിഷനറിമാരായി തീരുന്നതിനു സമർപ്പിക്കുകയും പിന്നീട് മിഷനറിമാരായി പോകുകയും ചെയ്തു. അനേക കുട്ടികളെയും പാവപ്പെട്ടവരെയും സാമ്പ

വേഗത്തിൽ എത്തി. ഈ സംഭവം FMPB കുടുംബത്തെ ഞെട്ടിച്ചു. വളരെ ചുരുങ്ങിയ കാലമെ പ്രവർത്തിച്ചുള്ളു എങ്കിലും അവർ മുഴു മനസ്സോടെ തങ്ങളാൽ ആവോളം ദൈവത്തിനു വേണ്ടി പ്രവർത്തിച്ചു. അവളുടെ മകൾ പ്രസന്ന സന്തോഷ വിദ്യാലയത്തിൽ പഠിക്കുന്നു. ഈ മകളെ നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കുക.

*- റവ. ഡോ. ഇ രാജൻ*

ത്തീകമായി സഹായിച്ചു. ഔദാര്യ ദാനം നൽകുന്നതിൽ മടിച്ചിരുന്നില്ല. തന്റെ സ്വന്തം സഹോദരൻ യേശുദാസസിനെ ഇന്ത്യൻ മിഷനറി സൊസൈറ്റിയിൽ മിഷനറിയായി പോകുന്നതിനു ഉത്സാഹിപ്പിച്ചു.

ഇതെ സമയം അവരുടെ ഭർത്താവ് ശ്രീ. ടി. ദുരൈസിങ് പാളയംകോട്ട സെന്റ് ജോൺസ് ഹൈ സ്കൂൾ അദ്ധ്യപകനായി ജോലി ചെയ്തു കൊണ്ട് FMPB യുടെ തിരുനെൽവേലി ജില്ല നേതാവായി പ്രവർത്തിച്ചു. അദ്ദേഹം ദൈവ വിളിയോടുള്ള അനുസരണം നിമിത്തം 1975 ജൂൺ 2 ന് അദ്ധ്യാപക ജോലി ധൈര്യപൂർവ്വം രാജിവെച്ചു മറ്റു സൗഭാഗ്യങ്ങളും ത്യജിച്ചു FMPB യിൽ പൂർണ്ണ സമയ പ്രവർത്തകനായി ചേർന്നു. കന്യാകുമാരി, തിരുനെൽവേലി എന്നീ ജില്ലകളിലെ പ്രമോഷണൽ സെക്രട്ടറിയായി പ്രവർത്തിച്ചു. 1981 മുതൽ അദ്ദേഹം തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളുടെ പ്രമോഷണൽ പ്രവർത്തനത്തിന്റെ ചുമതല ഏറ്റെടുത്തു മിഷൻ പ്രവർത്തനത്തിനാവശ്യമായ വിഭവ ശേഖരണം നടത്തി. .FMPB യുടെ പ്രമോഷണൽ മേഖലയിലെ ശക്തനും പ്രാരംഭകാല പ്രവർത്തകനുമായിരുന്ന ശ്രീ. ദുരൈസിങ് പിന്നീട് FMPB യുടെ അസോസിയയേറ്റ് ജനറൽ സെക്രട്ടറിയായി. അദ്ദേഹത്തിന്റെ നാളുകളിൽ കഠിനമായ പരിശ്രമത്തിന്റെ ഫലമായി FMPB ദേശവ്യാപകമായി അതിന്റെ പ്രവർത്തന ശൃംഖല വ്യാപിപ്പിച്ചു. ശ്രീമതി. മനോരമ ദുരൈസിങ് തന്റെ സഹ അദ്ധ്യാപകരുമായി ചേർന്നു പ്രാർത്ഥനക്കൂട്ടം ഉരുവാക്കി പ്രാർത്ഥനകൾ നടത്തി. പാളയംകോട്ടയിൽ സ്ത്രീകൾക്കായി പ്രത്യേക പ്രാർത്ഥനക്കൂട്ടം രൂപീകരിച്ചു അതിനു നേതൃത്വം നൽകി. പ്രാർത്ഥന പോരാളിയായിരുന്ന മനോരമ പാളയംകോട്ട FMPB ആഫീസിൽ നടത്തിയിരുന്ന ബുധനാഴ്ച പ്രാർത്ഥനയിൽ ക്രമമായി പങ്കെടുത്തിരുന്നു. FMPB യിലെ സ്ത്രീജന വിഭാഗത്തിന്റെ നേതാവായിരുന്നു അവർ പാളയം കോട്ടയിലും ചുറ്റുപാടുകളിലും സ്ത്രീകൾക്കായി പ്രത്യേക യോഗങ്ങൾ സംഘടിപ്പിച്ചു അതിനു നേതൃത്വം നൽകിയിരുന്നു. മിഷനറിമാർക്കു ക്രിസ്തുമസ് സമ്മാനം നൽകുന്നതിനായുള്ള ധനശേഖരണത്തിൽ സജീവമായി പങ്കെടുത്തിരുന്നു. നിർഭാഗ്യവശാൽ അവരുടെ ഏകമകൻ ജോസഫ് രോഗബാധിതനായി 2002 ജൂൺ 5 ന് നിര്യാതനായി.

അവളുടെ ഭർത്താവ് ശ്രീ. ദുരൈസിങ് 2005 മെയ് 21 ന് FMPB യുടെ സജീവ സേവനത്തിൽ നിന്നു വിരമിച്ചു. 2014 ഏപ്രിൽ 4 ന് നിത്യതയിൽ പ്രവേശിച്ചു. തന്റെ പ്രീയപ്പെട്ട ഭർത്താവിന്റെയും മകന്റെയും വേർപാടിനെ തുടർന്നു ശ്രീമതി മനോരമ മിഷനറി പ്രവർത്തനത്തിൽ തുടർന്നും പങ്കു വഹിച്ചു. പ്രാർത്ഥന യോഗം നടത്തുന്നതും സ്ത്രീകളുടെ യോഗം നടത്തുന്നതും പെൺകുട്ടികൾക്കു ആലോചനകൾ നൽകുന്നതും ശ്രീമതി മനോരമ ദുരൈസിങ് തുടർന്നു കൊണ്ടിരുന്നു. ചില വർഷങ്ങൾ ശ്രീമതി മനോരമ മാരകമായ കാൻസർ രോഗത്താൽ കഷ്ടപ്പെട്ടു. രോഗാവസ്ഥയിലും കർത്താവിന്റെ വേല ചെയ്യുവാൻ ദൈവം അവരെ സഹായിച്ചു. 2022 ഫെബ്രുവരി രാത്രിയിൽ അവർ നിത്യതയിൽ പ്രവേശിച്ചു. പ്രീയ മാതാവ് തന്റെ അവസാന ശ്വാസം വരെ തന്നാൽ ആവോളം കർത്താവിനെ സേവിച്ചു. 2022 ഫെബ്രുവരി 23 ന് ഭൗതിക ശരീരം കർത്താവിന്റെ മഹത്വ പ്രത്യക്ഷതയിൽ വീണ്ടും കാണാം എന്ന പ്രത്യാശയോടെ പാളയംകോട്ടയിൽ സംസ്കരിച്ചു. അവരുടെ മരുമകൾ ശ്രീമതി ആനി പാക്കിയ റാണിയെയും അവരുടെ കൊച്ചു മക്കളായ ജൂലിയറ്റ് ഗ്രേസിയെയും ജോൺ വെസ്ലിയെയും നിങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കുക.

*- റവ. ഡോ. ഇ രാജൻ*

# കർഖാഡി സഭാ ചരിത്രം

## ആരംഭം മുതൽ 2016 സെപ്റ്റംബർ വരെ

**അഹ്വ മിഷൻ വയൽ**
**സഹിയാദ്രി റീജിയൻ**
**ഗുജറാത്ത്**
**വെസ്റ്റേൺ സോൺ**



*തയ്യാറാക്കിയത്*
**റവ. എൽ. മാസിലമണി**

ഗുജറാത്തിലെ ഡാങ്സ് ജില്ലയിലെ കർഖാഡി ഗ്രാമത്തിൽ 272 കുടുംബങ്ങളിലായി 1434 ജനങ്ങൾ വസിക്കുന്നു. ഡാങ്സ് ജില്ലയിൽ സുബീർ ഉപജില്ലയിലെ ഏറ്റവും അധികം ജനസംഖ്യയുള്ള പതിനഞ്ചാമത്തെ ഗ്രാമമാകുന്നു കർഖാഡി. ഈ ഗ്രാമത്തിന്റെ ഭൂമിശാസ്ത്രപരമായ വിസ്തീർണ്ണം എട്ടു കിലോമീറ്റർ ആകുന്നു. കർഖാഡി ഗ്രാമത്തിന്റെ ഏറ്റവും അടുത്ത പട്ടണമായ അഹ്വ ഇവിടെ നിന്നും 45 കിലോമിറ്റർ ആകലെയാകുന്നു. ഈ ഗ്രാമത്തിനു സ്വന്തമായി പോസ്റ്റ് ആഫീസ് ഉണ്ട്. അതിന്റെ പിൻ കോഡ് 394 710 ആകുന്നു. ഈ ഗ്രാമം ഗർഘാഡി പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഉപജില്ലയുടെ തലസ്ഥാനമായ സുബിർ ഇവിടെ നിന്നും 15 കിലോമീറ്റർ അകലെയാണ്. ഗുജറാത്തുമായി തുലനം ചെയ്താൽ കർഖാഡി ഗ്രാമത്തിന്റെ സാക്ഷരത തുലോം കുറവാണ്. ഇന്ത്യൻ ഭരണഘടനയുടെയും പഞ്ചായത്ത് രാജ് നിയമത്തിന്റെയും അടിസ്ഥാനത്തിൽ കർഖാഡി ഗ്രാമത്തിന്റെ ഭരണ നിർവഹണം നടത്തുന്നത് ജനത്താൽ തിരഞ്ഞെടുക്കപ്പെട്ട സർപഞ്ച് (ഗ്രാമത്തലവൻ) ആകുന്നു.

കർഖാഡി ഗ്രാമത്തിലെ ജനങ്ങളിൽ ഭൂരിപക്ഷവും പട്ടിക വർഗ്ഗത്തിൽ ഉള്ളവർ ആകുന്നു. ഈ ഗ്രാമത്തിലെ ആകെ ജനസംഖ്യയിൽ 97.7% പട്ടിക വർഗ്ഗക്കാരാകുമ്പോൾ .07% മാത്രമാകുന്നു പട്ടിക ജാതിക്കാർ. കുക്ന, ഭീൽ, ഗമിത് എന്നീ ജാതിക്കൂട്ടങ്ങൾ ഈ ഗ്രാമത്തിൽ വിസക്കുന്നു. ആകെ ജനസംഖ്യയിൽ 726 പേർ പ്രധാന ജോലി ചെയ്യുന്നു. 393 പേർ കൃഷിക്കാർ (സ്വന്തമായി ഭൂമിയുള്ളവരോ പാട്ടത്തിനെടുത്ത ഭൂമിയുള്ളവരോ ആകുന്നു). 103 പേർ കാർഷീക രംഗത്ത് കൂലി വേല ചെയ്യുന്നവർ ആകുന്നു.

### ആരംഭം

ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡ് ഡാങ്സ് ജില്ലയിലെ ശുശ്രൂഷ 1976 ൽ ആരംഭിച്ചു. ആദ്യത്തെ മിഷൻ വയൽ ഡാങ്സ് ജില്ലയുടെ പടിഞ്ഞാറൻ അതിർത്തിയിലുള്ള ഒരു ചെറിയ പട്ടണമായ വാഗായിൽ സ്ഥാപിച്ചു. 1979 ൽ പിപ്പൽവാട മിഷൻ വയൽ ആരംഭിച്ചു. 1981 ൽ ഈ പ്രവർത്തനം മൂന്നു സ്ഥലത്തേക്കു കൂടി വ്യാപിപ്പിച്ചു. 1981 വരെ ഡാങ്സ് ജില്ലയുടെ കിഴ

ക്കൻ പ്രദേശങ്ങളിൽ മിഷനറിമാർ പോയിരുന്നില്ല. അതിനാൽ ഡാങ്ങ്സ് ജില്ലയുടടെ കിഴക്കൻ മേഖലയിൽ മിഷൻ വയൽ തുടങ്ങേണ്ടത് അത്യാവശ്യമായി.

1981 ൽ ഡാങ്ങ്സ് ജില്ലയുടെ കിഴക്കൻ പ്രദേശത്തുള്ള പിപ്പൽദഹാത് ഗ്രാമത്തിൽ ഒരു മിഷൻ വയൽ മിഷനറി എൽ മാസിലമണിയും കുടുംബവും ചേർന്നു ആരംഭിച്ചു. 1983 ൽ അവർ അവിടെ നിന്നു ബസ് സൗകര്യമില്ലാത്ത ഉൾപ്രദേശമായ ഡോലിയമ്പാർ ഗ്രാമത്തിലേക്കു മാറി. ഡോലിയമ്പാർ ഗ്രാമത്തിൽ താമസിച്ചു കൊണ്ട് മിഷനറിമാർ സമ്പത്ത് ബായി, ഭാരത് ബായി എന്നീ സ്വദേശ സുവിശേഷകരുടെ സഹായത്താൽ ചുറ്റുപാടുമുള്ള ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. കർഖാഡി ഗ്രാമം ഡോലിയാമ്പർ ഗ്രാമത്തിൽ നിന്നും ഏകദ്ദേശം എട്ടു കിലോമീറ്റർ അകലെയായിരുന്നു. സുവിശേഷകൻ ഭാരത് ബായി കർഖാഡി ഗ്രാമത്തിൽ നിന്നും മൂന്നു കിലോമിറ്റർ അകലെയുള്ള തന്റെ സ്വന്ത ഗ്രാമമായ അഹിർപാഡയിലാണ് താമസിച്ചിരുന്നത്. 1982 ൽ ജാറി ഗ്രാമത്തിൽ ഒരു ആരാധന ക്കൂട്ടം ആരംഭിച്ചിരുന്നു. സുവിശേഷകരായ ഭാരത് ബായി, സമ്പത്ത് ബായി എന്നിവരും ജാറി ഗ്രാമത്തിലെ സഭാമൂപ്പൻ വാധുബായിയും കൂടി ചേർന്ന് കർഖാഡി ഗ്രാമത്തിൽ സഭ സ്ഥാപിച്ചു. ആദ്യത്തെ വിശ്വാസി ദാജി ബായി ജന ബായി വാൽവി ആയിരുന്നു. ക്രിസ്തീയ വിശ്വാസത്തിലേക്കു വന്നതിന്റെ വിശദീകരണം അവന്റെ വാക്കുകളിൽ ശ്രദ്ധിക്കാം.

## ദാജി ബായി ജന ബായി വാൽവി

എന്റെ ഭാര്യ രൂധി ബൻ കഠിനമായ രോഗത്താൽ വലയുകയായിരുന്നു. വിവാഹം കഴിഞ്ഞു അനേക വർഷങ്ങൾ ഈ രോഗം തുടർന്നു കൊണ്ടെയിരുന്നു. ഞാൻ അവളെ ചികിത്സക്കായി ആശുപത്രികളിൽ കൊണ്ടു പോയി ധാരാളം പണം മരുന്നിനായി ചിലവഴി



ച്ചു. എന്നിട്ടും അവളുടെ ആരോഗ്യ നിലയിൽ പുരോഗതിയുണ്ടായില്ല. ഒടുവിൽ എന്റെ ഭാര്യ ഈ രോഗത്തിൽ നിന്നും രക്ഷപ്പെടുമെന്നുള്ള പ്രതീക്ഷ നഷ്ടപ്പെട്ടു. "ദൈവമായ കർത്താവേ, എന്റെ സ്വത്തക്കൾ, സമ്പത്ത് എന്നിവ കൊണ്ട് നീ ആഗ്രഹിക്കുന്നത് എന്തും നിന്റെ ഇഷ്ടം പോലെ ചെയ്യുക." ഇങ്ങനെ ഞാൻ പ്രാർത്ഥിച്ചു. തുടർന്ന് ഞാൻ സുവിശേഷകൻ ഭാരത് ബായിയുടെ അടുക്കൽ ചെന്ന് എന്റെ ഭാര്യക്കു വേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. ഒടുവിൽ എന്റെ ഭാര്യ രോഗത്തിൽ നിന്നു പൂർണ്ണ സൗഖ്യം പ്രാപിച്ചു. ആ നിമിഷം മുതൽ ഞങ്ങൾ കുടുംബമായി ദൈവീക സമാധാനവും സന്തോഷവും ഉള്ളവരായി ദൈവത്തെ മഹത്വപ്പെടുത്തി. ഡോളിയാമ്പർ ഗ്രാമത്തിലെ ആരാധനയിൽ 26.10.1983 മുതൽ ഞങ്ങൾ സംബന്ധിക്കുവാൻ തുടങ്ങി.

ദൈവം മറ്റൊരു കുടുംബമായ ഹരിബായിയെ തന്റെ ഭാര്യയുടെ അത്ഭുത സൗഖ്യത്തിലൂടെ രക്ഷയിലക്കു നയിച്ചു. അവൾ മാനസിക രോഗത്തിനടിമയായി ഭ്രാന്തനെ പോലെ പ്രവർത്തിക്കുവാൻ തുടങ്ങി. ഹരിബായിയും കുടുംബവും എങ്ങനെയാണ് വിശ്വാസത്തിലേക്കു കടന്നു വന്നതെന്നു വിശദീകരിക്കുന്നു.

## ഹരി ബായി രാത്തൻ ബായി അഹിർ

എന്റെ ഗ്രാമം മഹാരാഷ്ട്രയിലെ ജാദ് ആകുന്നു. കർഖാഡി എന്റെ ഭാര്യയുടെ ഗ്രാമം ആകുന്നു. എന്റെ ഭാര്യയുടെ പേര് മഹാറു എന്നാകുന്നു. എന്റെ ഭാര്യ മാനസിക രോഗത്താൽ വളരെയധികം

കഷ്ടപ്പെട്ടു. അവളെ പ്രയാസപ്പെട്ടാണ് ഭക്ഷണം കഴിപ്പിച്ചിരുന്നത്. ഒടുവിൽ എന്റെ ഗ്രാമത്തിലെ ഗൻസു ബായി എന്നോടു ക്രിസ്ത്യാനികളുടെ പ്രാർത്ഥനക്കു പോകുവാൻ ആവശ്യപ്പെട്ടു. ഞാൻ അവളെ ജാറി ഗ്രാമത്തിൽ കൂട്ടിക്കൊണ്ടു വന്നു. സഭാമൂപ്പനായ വാധു ബായിയോടു അവളുടെ രോഗ വിവരം പറഞ്ഞു. വാധു ബായി പറഞ്ഞു അവൾ സുഖം പ്രാപിക്കും, അദ്ദേഹത്തിന്റെ ആവശ്യപ്രകാരം അന്ന് പ്രാർത്ഥനക്കായി അദ്ദേഹത്തിന്റെ ഭവനത്തിൽ പാർത്തു. വാധുബായി എന്റെ ഭാര്യയുടെ സൗഖ്യത്തിനായി പ്രാർത്ഥിച്ചു. അടുത്ത ദിവസവും ഞങ്ങൾ പ്രാർത്ഥനക്കായി ജാറി ഗ്രാമത്തിൽ ചെന്നു. പിന്നീട് ഞായറാഴ്ച ആരാധനയിൽ സംബന്ധിക്കുന്നതിനു ജാറി ഗ്രാമത്തിലുള്ള ദൈവാലയത്തിൽ പോകുവാൻ തുടങ്ങി. എന്റെ ഭാര്യക്കു പരിപൂർണ്ണ സൗഖ്യം ലഭിച്ചു. ആരംഭത്തിൽ ജാറി സഭയിലെ ആരാധനയിൽ സംബന്ധിക്കുന്ന ഏക കുടുംബം ഞങ്ങൾ മാത്രമായിരുന്നു. തുടർന്നു 20.10.1984 ൽ ഞങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു കരദിയാമ്പ സഭയിലെ അംഗങ്ങളായി.

ആദ്യ കുടുംബമായ ദാജിബായി ഗമിത് ജാതിയിലുള്ളവരായിരുന്നു. രണ്ടാമത്തെ കുടുംബം കുക്ന ജാതിയിലുള്ളവരായിരുന്നു. അവർ സാധാരണ ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനായി അടുത്ത ഗ്രാമങ്ങളിൽ പോയിരുന്നു. അവരുടെ ആവശ്യ പ്രകാരം മിഷനറി എൽ മാസിലാമണി ആ ഗ്രാമത്തിൽ രാത്രി യോഗം ആരംഭിച്ചു. 1984 മുതൽ ഹരിബായിയുടെ ഭവനത്തിൽ ആഴ്ച തോറുമുള്ള യോഗം ആരംഭിച്ചു. ആദ്യത്തെ യോഗം നടത്തിയതു സുവിശേഷകൻ സമ്പത്ത് ബായി ആയിരുന്നു. വിവിധ ജാതിക്കൂട്ടങ്ങൾ പാർക്കുന്ന വലിയൊരു ഗ്രാമമാകുന്നു കർഖാടി. പ്രധാന ജാതി വിഭാഗങ്ങളായ കുക്ന, ഭീൽസ്, ഗമിത് എന്നീവരിൽ നിന്നും സത്യാന്വേഷകർ പ്രാർത്ഥന യോഗത്തിൽ സംബന്ധിക്കുവാൻ തുടങ്ങി. 1986 ൽ ഒരു താത്കാലിക ദൈവാലയം പണിയുന്നതു വരെ ഈ യോഗങ്ങൾ ഹരി ബായിയുടെ ഭവനത്തിൽ നടത്തി. ഖാനിയാമ്പ ഗ്രാമം ഒരു നദിയുടെ തീരത്താണ് സ്ഥിതി ചെയ്യുന്നത്. ഈ ഗ്രാമത്തിലും ദൈവീക പ്രവർത്തനം ഉണ്ടായി അനേക ആളുകൾ കർഖാഡി ഗ്രാമത്തിൽ നടക്കുന്ന രാത്രി യോഗങ്ങളിൽ സംബന്ധിക്കുന്നതിനായി കടന്നു വന്നു. അങ്ങനെ സഭ ദിനം തോറും വളർന്നു കൊണ്ടിരുന്നു.

## സഭ വളരുന്നു

ഹരി ബായിയുടെ ഭവനത്തിൽ നടത്തിയ രാത്രി യോഗത്തിൽ ധാരാളം രോഗികൾ സംബന്ധിച്ചിരുന്നു. ദൈവം അവരെ സൗഖ്യമാക്കി. രാത്രി യോഗത്തിൽ സംബന്ധിക്കുന്നവരുടെ എണ്ണം എല്ലാ വർഷവും വർദ്ധിച്ചു വന്നു. പ്രാർത്ഥനയുടെ ഫലമായി കർഖാഡി, ഖാനിയമ്പ എന്നീ ഗ്രാമങ്ങളിൽ ധാരാളം ആളുകളെ ദൈവം അത്ഭുതകരമാം വിധം സൗഖ്യമാക്കിയതിനാൽ വമ്പിച്ച രീതിയിൽ സഭ വളർന്നു.

1993 മുതൽ രണ്ടു മിഷനറിമാർ കുറച്ചു കാലം കർഖാഡി ഗ്രാമത്തിൽ താമസിക്കുവാൻ തുടങ്ങിയതാണ് സഭ വളർച്ചയെ ത്വരിതപ്പെടുത്തിയത്. അഹ്വ മിഷൻ വയലിലേക്കു നിയോഗിതനായ മിഷനറി ബത്തുവെൽ ഭരതൻ 1983 ഏപ്രിൽ മുതൽ 1995 ഡിസംബർ വരെ ഈ ഗ്രാമത്തിലാണ് പാർത്തത്. പിന്നീട് മിഷനറി ഡി ഏബ്രഹാമും 1995 സെപ്റ്റംബർ മുതൽ 1997 ജൂൺ വരെ കർഖാഡി ഗ്രാമത്തിൽ താമസിച്ചു പ്രവർത്തിച്ചു.

## ദൈവാലയ നിർമ്മാണം

ഹരിബായിയുടെ ഭവനത്തിൽ സമ്പത്ത് ബായി ആരംഭിച്ച യോഗം മൂന്നു വർഷം അവിടെ തന്നെ തുടർന്നു. 26.6.1988 ൽ

ആ ഗ്രാമത്തിൽ ഒരു താത്കാലിക ദൈവാലയം പണിതു. റവ. പി. യിസ്രാ യേൽ ദേവദാസ് ആ ദൈവാലയത്തിന്റെ സമർപ്പണ ശുശ്രൂഷ നിർവഹിച്ചു.

ഈ ദൈവാലയത്തിൽ ആറു വർഷം ആരാധന നടത്തി. ഈ വർഷങ്ങളിൽ വിശ്വാസികളുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരുന്നു. പ്രാർത്ഥനയാൽ രോഗികൾ സൗഖ്യമാകുന്ന വാർത്ത ശ്രവിച്ച് പുതിയ ആളുകൾ വിശ്വാസ ത്തോടെ കടന്നു വന്നു ആരാധനയിൽ സംബന്ധിച്ചു. ഉറിയ ബായിയുടെ കുടുംബത്തിലുള്ളവർ ദൈവത്തിങ്കൽ നിന്നുള്ള അത്ഭുത രോഗസൗഖ്യം അനുഭവിച്ചപ്പോൾ തന്റെ വസ്തു (40X40) ദൈവാലയത്തിനു ദാനമായി നൽകി. പുതിയ ദൈവാലയം പണിയു ന്നതിനുള്ള അനുവാദം 2003 ൽ ലഭിച്ചെ ങ്കിലും ദൈവാലയ നിർമ്മാണം 2007 ൽ മാത്രമേ ആരംഭിച്ചുള്ളു. ഈ ദൈവാ ലയത്തിന്റെ സമർപ്പണ ശുശ്രൂഷ 2008 ഫെബ്രുവരിയിൽ നടത്തി. ദൈവാലയ നിർമ്മാണത്തിനു വിശ്വാസികൾ പ്ര തിഫലമില്ലാതെ അദ്ധ്വാനിച്ചു. ദൈവാ ലയ നിർമ്മാണത്തിലേർപ്പെട്ട വിശ്വാസി കൾക്കു ഒന്നും നൽകിയില്ല. ആസ്ബ റ്റോസ് ഷീറ്റ് മേൽക്കൂരയായുള്ള 40 അടി നീളവും 25 അടി വീതിയുമുള്ള മനോഹരമായ ഒരു ദൈവാലയം പണി തു. 30.9.2012 ൽ സിഎൻഐ ഗുജറാത്ത് മഹായിടവക ബിഷപ്പ് റൈറ്റ് റവ. മാള വിയ ഈ ദൈവാലയത്തിന്റെ പ്രതിഷ്ഠാ ശുശ്രൂഷക്കു നേതൃത്വം നൽകി. റവ. പി. യിസ്രായേൽ ദേവദാസ് ശുശ്രൂഷക്കു സഹ കാർമ്മികത്വം വഹിച്ചു.

1995 സെപ്റ്റംബറിൽ ബഥേൽ അഗ്രി ക്കൾച്ചറൽ കൂട്ടായ്മയുടെ സഹകരണ ത്തോടെ കർഖാഡി ഗ്രാമത്തിൽ ഒരു ദിന പരിപാലന കേന്ദ്രം ആരംഭിച്ചു. 1997 ൽ കർഖാഡി ദൈവാലയത്തിൽ വെച്ചു നടത്തിയ വിബിഎസിൽ 97 കുട്ടികൾ പങ്കെടുത്തു. 1995 നവംബറിൽ അനേക കുട്ടികൾ ക്രിസ്തുവിനായ് തങ്ങളുടെ ജീവിതങ്ങളെ സമർപ്പിച്ചു. ഖാനിയാമ്പ, കർഖാഡി എന്നീ ഗ്രാമങ്ങളിലെ ആകെ വിശ്വാസികൾ 284 ആകുന്നു. കർഖാഡി ഗ്രാമത്തിലെ 121 പേർ സഭയിൽ സജീ വമായി പ്രവർത്തിക്കുന്നു. ഇവർ ഗമിത്, കുക്ന, ഭീൽ, വാർളി എന്നീ ജാതിക്കൂട്ട ങ്ങളിൽ നിന്നുള്ളവരാകുന്നു.

മിഷനറി എൽ മാസിലാമണിയുടെ കുടുംബം ഈ മിഷൻ വയലിൽ 1981 മുതൽ 1993 വരെയുള്ള കാലഘട്ടം പ്ര വർത്തിച്ചു. 1988 ൽ ചുരുങ്ങിയ കാലം സഹോദരിമാരായ പുഷ്പലത, ജയ മേരി എന്നിവർ പ്രവർത്തിച്ചു. ബത്തുൾ ഭരതനും കുടുംബവും 1993 ഏപ്രിൽ മുതൽ 1995 ഡിസംബർ വരെ പ്രവർത്തി ച്ചു. 1995 മുതൽ 2007 വരെ ഡി ഏബ്ര ഹാമും കുടുംബവും ശുശ്രൂഷ ചെയതു.

വിശ്വാസികൾ തങ്ങളുടെ സ്വന്തക്കാ രിലും അയൽക്കാരിലുമുള്ള രോഗി കൾക്കു വേണ്ടി പ്രാർത്ഥിച്ചു. പരമ്പ രാഗതമായി അവർ തുടർന്നു ആചാര രീതികളിൽ ക്ഷീണിതരായവർ സുവി ശേഷത്തെ തുറന്ന മനസ്സോടെ സ്വീക രിച്ചു. ആ സമയത്തു വിശ്വാസികൾ അവരോടു സുവിശേഷം പങ്കുവെച്ചു അവരുടെ രോഗികൾക്കു വേണ്ടി പ്രാർ ത്ഥിച്ചു. അങ്ങനെ പുതിയ ആളുകൾ വിശ്വാസത്തിലേക്കു കടന്നു വന്നു.

## പ്രാർത്ഥന വിഷയങ്ങൾ

- ★ ഈ ഗ്രാമത്തിലെ വിശ്വാസികളുടെ എണ്ണം വർദ്ധിക്കേണ്ടതിനായി പ്രാർ ത്ഥിക്കുക.
- ★ സഭയുടെ ഉണർവ്വിനായി പ്രാർത്ഥി ക്കുക.
- ★ വിശ്വാസ സമൂഹം സുവിശേഷ വേല ചെയ്യേണ്ടതിനായി പ്രാർത്ഥി ക്കുക.
- ★ ഇപ്പോഴത്തെ ദൈവാലയത്തിൽ വിശ്വാസികളെ ഉൾക്കൊള്ളുവാൻ കഴിയാത്തതിനാൽ വലിയൊരു ദൈവാലയം പണിയേണ്ടതു ആവ ശ്യമായിരിക്കുന്നു. പ്രാർത്ഥിക്കുക.






**ശ്രീമതി. കമല ജിംസൺ**

(03.08.1948 - 08.02.2022)

നമ്മുടെ മിഷനറി പരേതനായ ശ്രീ. ജിംസണിന്റെ ഭാര്യ ശ്രീമതി കമല ജിംസൺ 2022 ഫെബ്രുവരി 8 ന് നിത്യതയിൽ പ്രവേശിച്ചു. തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിൽ പിള വിളൈ ഗ്രാമത്തിലുള്ള ഒരു ക്രിസ്തീയ കുടുംബത്തിൽ 1948 ആഗസ്റ്റ് എട്ടിന് ജനിച്ചു. 1973 ൽ ഫെബ്രുവരി മൂന്നിനു FMPB മിഷനറിയായി ചേർന്ന ശ്രീ. ജിംസൺ 1976 ഫെബ്രുവരി 11 ന് ശ്രീമതി കമലയെ വിവാഹം കഴിച്ചു. വിവാഹാനന്തരം ഈ ദമ്പതികൾ ബീഹാറിലെ ഗയയിൽ പോയി ആദ്യ മിഷനറിമാരായി കർത്താവിനെ സേവിച്ചു. അവിടെ നിന്നു അവർ പഞ്ചാബിൽ പോയി ബത്തിണ്ട കേന്ദ്രമാക്കി പ്രവർത്തിച്ചു. ചുരുങ്ങിയ കാലം ഹരിയാനയിൽ പ്രവർത്തിച്ചതിനു ശേഷം അവർ തമിഴ്നാട്ടിലേക്കു മടങ്ങിവന്നു. ഉത്തരേന്ത്യയിലെ 14 വർഷത്തെ പ്രവർത്തനത്തിനു ശേഷം ശ്രീ. ജിംസൺ - കമല ദമ്പതികളെ ധർമ്മപുരി ജില്ലയിലെ ഷൂലഗിരിയിൽ മിഷനറിമാരായി നിയമിച്ചു. തുടർന്ന് 1992 മുതൽ അവർ ചെന്നയിലെ ചേരി പ്രദേശങ്ങളിൽ പ്രവർത്തിച്ചു ക്രിസ്തേശുവിനായി ആത്മാക്കളെ നേടി. 2010 മുതൽ ജിംസൺ ആസ്ഥാന മന്ദിരത്തിൽ ചൈൽഡ് കെയർ വിഭാഗത്തിൽ പ്രവർത്തിച്ചു.

ജീം ശാമുവേൽ, ബൻ ശാമുവേൽ എന്നീ രണ്ടു മക്കളെ നൽകി ദൈവം ശ്രീമതി കമലയെയും ശ്രീ. ജിംസണെയും ദൈവം അനുഗ്രഹിച്ചു. മക്കൾ രണ്ടു പേരും കുടുംബസ്ഥരായി ചെന്നയിൽ താമസിക്കുന്നു. 2015 ജൂലൈ 11 ന് ജിംസൺ നിത്യതയിൽ പ്രവേശിച്ചു. അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി കമല ജിംസൺ ചെന്നയിലെ മണിവാക്കത്തു ഇളയ മകൻ ബൻ ശാമവേലിന്റെ കൂടെ പാർക്കുകയായിരുന്നു. രോഗം നിമിത്തം ശ്രീമതി കമലയെ 2022 ഫെബ്രുവരി ആദ്യ ആഴ്ചയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആരോഗ്യ നിലയിൽ പുരോഗതി ഉണ്ടായില്ല. 2022 ഫെബ്രുവരി എട്ടിന് നിത്യതയിൽ പ്രവേശിച്ചു. പുനരുത്ഥാനത്തിന്റെ പ്രത്യാശയോടെ ശ്രീമതി കമലയുടെ ഭൗതിക ശരീരം മണിവാക്കത്തു സംസ്കരിച്ചു. അവളുടെ രണ്ടു മക്കളെയും അവരുടെ കുടുംബങ്ങളെയും നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കുക.

*- റവ. ഡോ. ഇ രാജൻ*



**എം. സി. അന്നമ്മ (89) (സരസു ആന്റി)**

## ആദരാഞ്ജലികൾ

FMPB യുടെ കോട്ടയത്തെ ആദ്യകാല പ്രാർത്ഥനക്കൂട്ട നേതാവും സ്പോൺസറുമായിരുന്ന ശ്രീമതി എം. സി. അന്നമ്മ (89) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സരസു ആന്റി മിഷനറി പ്രവർത്തനത്തോടു കാണിച്ച വിശ്വസ്തതയും സമർപ്പണവും എടുത്തു പറയേണ്ടതാണ്. FMPB യുടെ സഹകാരികളെ സന്ദർശിച്ചു അവരുടെ സംഭാവനകൾ സമാഹരിച്ചു വിശ്വസ്തതയോടെ നൽകിയിരുന്നത് സ്മരിക്കുന്നു. പ്രതിസന്ധി ഘട്ടത്തിൽ കൂടെ നിന്നു ബലപ്പെടുത്തിയ സരസു ആന്റിയുടെ സ്നേഹത്തെയും സമർപ്പണത്തെയും ഓർത്തു ദൈവത്തെ സ്തുതിക്കുന്നു. FMPB കുടുംബത്തിന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.




## ജന്മദിനാശംസകൾ

റോബർട്ട് രാജലിംഗം;
ദൗജപൗ ഗുയിതെ; ചുങ്ങ്ലെൻലാൽ സിങ്സിറ്റ്;
മന്ന രാജ വിദ്യ അഗസ്റ്റിൻ;
മെലടി ഡിംസോതിങ്; സിയാൻലതാങ് സൗ

## ജമ്മു

### ആർ എസ് പുര & അഖ്നൂർ

**ഡേവിഡ് അയ്യനാർ & മാൻപ്രീത് കൗർ**


മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. ബനോട്ട ഗ്രാമത്തിലെ രണ്ടു കുടുംബം സുവിശേഷത്തോടു താൽപര്യം പ്രകടിപ്പിക്കുന്നു. പഴകിയ കാലു വേദനയിൽ നിന്നു കോട് ബാൽവാൻ ഗ്രാമത്തിലെ അൻവറിനെയും ക്ഷയ രോഗത്തിൽ നിന്നും ആഗ്ര ചാക്ക് ഗ്രാമത്തിലെ സുമനെയും കർത്താവ് സൗഖ്യമാക്കി. ജാനിക ഗ്രാമത്തിലെ യൗവ്വനക്കാരനായ റിത്തികക്കു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിച്ചു. ഈ മിഷൻ വയലിലെ സഭാമൂപ്പന്മാരും വിശ്വാസികളും സുവിശേഷീകരണ പ്രവർത്തനത്തെ സഹായിക്കുന്നു.


ആഗ്ര ചാക്ക് പ്രദേശത്തു സുവിശേഷത്തെ എതിർക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സഭയുടെ ഉത്തരവാദിത്വം ഏറ്റെടുത്ത സഭാ മൂപ്പന്മാർ വിശ്വസ്തതയോടെ തങ്ങളുടെ ഉത്തരവാദിത്വം നിർവഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാല്മികി, ഭഗത്, ബത്വാൽ എന്നീ ജാതിക്കൂട്ടങ്ങളിലുള്ളവരുടെ മദ്ധ്യേ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഞരമ്പു സംബന്ധമായ രോഗത്താൽ വലയുന്ന രത്തിണ്ടയിലെ കാഞ്ചനയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്തിൽ നിന്നു ബദയാലിലെ പൂജയെയും കോവിഡ് 19 നിമിത്തം ഉണ്ടായ ബലഹീനതയിൽ നിന്നു ആഗ്ര ചാക്കിലെ സാബിലാലും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റക്കാരായ വിശ്വാസികൾ മടങ്ങിവരേണ്ടതിനായി പ്രാർത്ഥിക്കുക.

### നാരോട്

**ജീവർ ജോയേശ്വ & പ്രീയ ദേവി**


എതിർപ്പിനെ തുടർന്നു നിർത്തിവെച്ച സൈദപൂർ ഗ്രാമത്തിലെ ആരാധന പുനരാരംഭിച്ചു. സൈദപൂർ ഗ്രാമത്തിലെ ലാടി, ദുർഗ് എന്നീ സത്യാന്വേഷകർ ആരാധന യോഗത്തിൽ സംബന്ധിച്ചതിനെ തുടർന്നു അനുഗ്രഹം പ്രാപിച്ചു. നമ്മുടെ വിശ്വാസി ശിൽപക്കു ഗവൺമെന്റു കോളജിൽ പ്രൊഫസറായി ജോലി ലഭിച്ചു.


പ്രതികൂലം നിമിത്തം നിർത്തിവെച്ച നാഗിരി ഗ്രാമത്തിലെ ആരാധന വീണ്ടും തുടങ്ങേണ്ടതിനായി പ്രാർത്ഥിക്കുക. പീഢനത്തിന്റെ മദ്ധ്യേ വിശ്വാസികൾ ഉറച്ചു നിന്നു പരസ്പരം ധൈര്യപ്പെടുത്തേണ്ടതിനായി പ്രാർത്ഥിക്കുക. മാഷ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യേ സുവിശേഷം അറിയിക്കുവാൻ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കരക്കാര ഗ്രാമത്തിലെ കാരൻ കുടുംബത്തിന്റെ ആത്മീക വർദ്ധനവിനായി പ്രാർത്ഥിക്കുക. തളർവാതത്തിൽ നിന്നു സൈദപൂർ ഗ്രാമത്തിലെ സന്തോക്കും ട്യൂമറിൽ നിന്നു തരസാമും വെള്ളപാണ്ടിൽ നിന്നു ദരാള ഗ്രാമത്തിലെ തനിയയും മരണ ശയ്യയിൽ നിന്നു ഗാന്ധയും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

രാജദുരൈ പി;
ജപരാജ് എസ്;
ഒലിവ് ജനിഫർ നഥാനിയേൽ എഡ്വേർഡ്;
സെന്തിൽ മുരുകൻ വി;
രവീന്ദ്ര മുർമ്മു

# ഹിമാചൽ പ്രദേശ്

### റിക്കോങ്പിയോ

**പാപ്പു പ്രശാന്ത് & കല്പന മല്ലിക്**

അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. റിബ, പൗറി എന്നീ ഗ്രാമങ്ങളിലുള്ള നിർമ്മൽ, മനിഷ്, രമേശ് എന്നിവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ഗോവിന്ദ്, രാംകുമാർ, സൺതേലി, ശാന്തി, സുഖ്മായ, വങ്മോ എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നു വിടുതൽ പ്രാപിച്ചു. കോവിഡ് 19 രോഗത്തിൽ നിന്നു വിശ്വാസിയായ ജഗത്തിന്റെ മകനെ ദൈവം സൗഖ്യമാക്കി. നമ്മുടെ വിശ്വാസി രൂബന്റെ മകൾക്കു മെഡിക്കൽ കോളജിൽ പ്രവേശനം ലഭിച്ചു. സങ്ക്ള, ഷോങ് എന്നീ ആരാധനക്കൂട്ടങ്ങളിൽ നടത്തിയ ഉപവാസ പ്രാർത്ഥനയെ ദൈവം അനുഗ്രഹിച്ചു.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ഭഗവാൻ ദാസും അയൽക്കാരും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വിരോധികളായ കവിരാജ്, നംജിയാൽ, ജഗദീഷ്, മുന്ന, മഹേശ്വർ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ബോർഡ് പരീക്ഷ എഴുതുന്ന വിശ്വാസികളുടെ മക്കൾക്കായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിലെ ഏഴു ആരാധനക്കൂട്ടത്തിലും ആത്മീക ഉണർവ്വ് ഉരുവാകേണ്ടതിനായി പ്രാർത്ഥിക്കുക.

### കർസോങ്

**സുമിത് കർ തരിയാനി & തുങ്കിച്ബേനി**

അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. ചെറിയ പ്രാർത്ഥനക്കൂട്ടങ്ങൾ ക്രമമായി ചേരേണ്ടതിനും വിശ്വാസികൾ അനുഗ്രഹം പ്രാപിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ബാഗ ഗ്രാമത്തിലെ പ്രാർത്ഥനക്കൂട്ടം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശക്തമായ മഴയും ഐസും പെയ്തിട്ടും രാത്രിയോഗങ്ങളും ബൈബിൾ ക്ലാസ്സുകളും തടസ്സമില്ലാതെ നടത്തുവാൻ ദൈവം കൃപ ചെയ്തു. വികലാംഗയായ വിശ്വാസി പൂനം ബഹൻ സുവിശേഷം പങ്കുവെച്ച് അനേകരെ ക്രിസ്തുവിങ്കലേക്കു നയിച്ചു.

ബാഗ, ജലാദി, നയാര, ബുരാൽ, മമൈൽ എന്നീ ഗ്രാമങ്ങളിൽ ചെറു പ്രാർത്ഥനക്കൂട്ടങ്ങൾ ക്രമമായി നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. സത്യാന്വേഷകരായ നൈന ദേവി, ഹിന്തെന്ദർ, യശോദ എന്നിവരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസിയായ ജൈറാം തന്റെ കടങ്ങൾ എല്ലാം വേഗത്തിൽ കൊടുത്തു തീർക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

മറിയമ്മാൾ പോൾ സോളമൻ;
ഐസക്ക് ആർ; ബ്യൂല മുരളിധരൻ;
ജയ സുന്ദരി ജപരാജ്;
ദാവുദ് ടുഡു

### ജീയോറി

**ജാംഖോംഗാം ഹവോകിപ് & ഐറിൻ ലിത്തെൻമൗങ്**

15 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ജീപ്പ് ടീമിന്റെ പ്രവർത്തനത്തെ ദൈവം ആശീർവദിച്ചു. ജീപ്പ് ടീമിന്റെ ശുശ്രൂഷയിലൂടെ അനേകർ ജീവിതത്തിൽ ആദ്യമായി യേശുവിനെ അറിഞ്ഞു. ഗയാൻ ദേവിയെ പഴകിയ ചുമയിൽ നിന്നും ഫൻജ ഗ്രാമത്തിലെ ഹരിദാസിനെ മരണശയ്യയിൽ നിന്നും ദൈവം സൗഖ്യമാക്കി.

പൈശാചിക ബന്ധനത്തിൽ നിന്നു ജയകാന്തിയെ ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസി കോന്ത ദേവിയുടെ വസ്തു സംബന്ധമായി കോടതിയിലുള്ള കേസിനു നീതി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബധാൽ ഗ്രാമത്തിലലെ ഉമയുടെയും സുരേന്ദ്രയുടെയും കുടുംബത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക. ഭർത്താവും ഗ്രാമത്തിലുള്ള മറ്റുള്ളവരും ഉപജീവന മാർഗ്ഗം തേടി അന്യ സംസ്ഥാനത്തിലേക്കു കുടിയേറി പോയതിനാൽ ഗ്രാമത്തിൽ പിഞ്ചു കുഞ്ഞുമായി തനിയെ പാർക്കുന്ന വിശ്വാസി സരിതയുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക.

## പഞ്ചാബ്

### ബുധ്ലാട

**സജ്ജജീബ് ആനന്ദ് & പ്രസ്തുത**

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. തൊലെവാൽ, കദാലി എന്നീ രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. തൊഹാന ഗ്രാമത്തിലെ ബിത്തു സിങ്ങിനെ കരൾ സംബന്ധമായ രോഗത്തിൽ നിന്നു ദൈവം വിടുവിച്ചു. പിന്മാറ്റക്കാരനായ ചരൺജിത് കൗർ വിശ്വാസത്തിലേക്കു തിരികെ വന്നു. നമ്മുടെ വിശ്വാസികളായ പ്രീയങ്ക റാണി, ഇഷ എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു.

ബുധ്ലാട സഭയിലെ യൗവ്വനക്കാരായ വിശ്വാസികൾ കർത്താവിന്റെ വേലക്കായി തങ്ങളെ സമർപ്പിച്ചു. മരണ ശയ്യയിലായിരിക്കുന്ന സത്നാം സിങ്, കാൻസർ രോഗിയായ ഹർബസാന സിങ്, മഞ്ഞപിത്തത്താൽ കഷ്ടപ്പെടുന്ന മാൻപ്രീത്, കണ്ണിൽ അണുബാധയുണ്ടായ ഗില, മാനസിക വിഭ്രാന്തിയിലായിരിക്കുന്ന ഹർപ്രീത് കൗർ, കരംജിത് കൗർ, കരളിൽ അണുബാധയുള്ള ബരേട്ട ഗ്രാമത്തിലെ ഗാങ്ദീപ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കുൽദീപ് സിങ്, കിന്തി, കല സിങ് എന്നിവരുടെ കുടുംബത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ഗ്രേസി സ്റ്റാൻലി ജോർജ്ജ്;
ഗൗരമ്മ @ സ്വേത അമരേന്ദിരൻ;
അന്ന റോസ്ലിൻ ആർ

### അഹമ്മദ്ഗട് മാണ്ടി

**രാജേഷ് ചൗദരി & സരിത പോൾ**

വിശ്വാസികളെ സുവിശേഷീകരണ പ്രവർത്തനത്തിൽ പങ്കാളികളാക്കുന്നതിനായി ജഗദ റോഡ് ഗ്രാമത്തിൽ ഒരു സുവിശേഷ ടീം രൂപീകരിച്ചു. മിനി ചോപ്പറിലെ സപ്ന റാണി, ജഗദ റോഡിലെ നേഹ കൗർ എന്നിവർക്കു പ്രാർത്ഥനയുടെ ഫലമായി മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു. ചന്ന ഗ്രാമത്തിലെ സിമ കൗറിനെ കാൻസർ രോഗത്തിൽ നിന്നു ദൈവം വിടുവിച്ചു. ഗോസാല പ്രദേശത്തുള്ള മദ്യപാനിയായ ഛോട്ടാലാൽ ആരാധന യോഗത്തിൽ സംബന്ധിച്ചതിനെ തുടർന്നു മദ്യപാന സ്വഭാവം ഉപേക്ഷിച്ചു.

സുവിശേഷ സംഘം അനേകരെ ക്രിസ്തുവിങ്കലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക വിഭ്രാന്തി കാണിക്കുന്ന ഗോസാലയിലെ അസ്ലോക് കുമാറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. റിഹിദ ഗ്രാമത്തിലെ പരംജിത് കൗറിന്റെ കാലിൽ തീപ്പോള്ളലിനാൽ ഉണ്ടായ മുറിവ് കരിയേണ്ടതിനായി പ്രാർത്ഥിക്കുക. ദലിജി റോഡിലെ വിജയ് കുമാർ ശരീര ക്ഷീണത്തിൽ നിന്നു മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക.

### ബർണാല

**ബിഭാൻ ഹൻസ്ത**

രണ്ടു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. നമ്മുടെ വിശ്വാസി ഗഗന്റെ വിവാഹം ക്രിസ്തീയ രീതിയിൽ നടത്തി. കിർണ കൗറിനെ ഡങ്കു പനിയിൽ നിന്നും ജസ്വന്ത് കൗറിനെ വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും സൗഖ്യമാക്കി.

ഈയടുത്ത നാളിൽ നിര്യാതനായ മനിന്ദറിന്റെ കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. കാൻസർ രോഗിയായ ജയ്സിങ്, മഞ്ഞപിത്തത്താൽ വലയുന്ന തർഷെം സിങ്, കഴുത്തിലുണ്ടായ ട്യൂമറിനാൽ കഷ്ടപ്പെടുന്ന കൊത്ഡുന ഗ്രാമത്തിലെ മനിന്ദർ സിങ്, വൃക്ക സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന ബാല്ലറ്റ് കെയ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ബത്തിണ്ട

**പ്രതാപ് രഹൻ & രാഷ്മി**

രണ്ടു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. പിന്മാറ്റക്കാരായ ലാബ സിങ്ങും കുടുംബവും വിശ്വാസത്തിലേക്കു തിരികെ വന്നു. ഇകബാൽ സിങ് ഹെർണിയ രോഗത്തിൽ നിന്നും പ്രാർത്ഥനയുടെ ഫലമായി വിടുതൽ പ്രാപിച്ചു.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന നാലു കുടുംബത്തിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രവർത്തനത്തെ സഹായിക്കുന്ന രാജ സിങിന്റെ കുടുംബം പ്രമേഹ രോഗത്തിൽ നിന്നു മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക പലിവിധ വെല്ലുവിളികൾ നേരിടുന്ന അമൻ കൗർ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ബാലാജി നേട്ടാലം; രാമകൃഷ്ണ അഗിബട;
അമരേന്ദിരൻ; ജപ ഗ്രേസ് ഡേവിഡ്;
ജോതി രഞ്ജൻ ഭരതൻ;
ലുൻതിൻതാങ് ബയ്തെ

### ലഹ്രഗംഘ

**ഐസക് ഏബൽ & അന്ന റോസ്ലിൻ**

ജുയാർ വാല, ബാരിസ് എന്നീ രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ചാഹാർ ഗ്രാമത്തിലെ ഒരു കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. മദ്യാസക്തിയിൽ നിന്നു ഗോവിന്ദ് വിടുതൽ പ്രാപിച്ചു.

ബാൽറാൻ, ചാഹാർ, ചുയലാർ, ഷെക്കുവാസ് എന്നീ ഗ്രാമങ്ങളിൽ നടത്തുന്ന ഫിലിം പ്രോഗ്രാമിനെ ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിഷോൽ, കാദിയാൽ എന്നീ ഗ്രാമങ്ങളിൽ പ്രാർത്ഥന സെൽ രൂപീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സത്യാന്വേഷകരായ ബീഗ്ഗർവാൽ ഗ്രാമത്തിലെ കുർമീട്, കലാസിങ് എന്നിവരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക.

### മാൻസ

**ദെബ്രതോ ബിസ്വാസ് & മന്ന സിങ്**

രണ്ടു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഉദരത്തിൽ കുഞ്ഞ് മരിച്ചു പോയെങ്കിലും പ്രസവ സമയത്തു ഗർവിന്ദർ കൗറിനെ ദൈവം സഹായിച്ചു. ഗുർപ്രീത് സിങിന്റെ വിവാഹ ആവശ്യങ്ങൾ എല്ലാം സന്ധിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. വിവിധ രോഗങ്ങളാൽ വലയുന്ന ഗുരുചരൺ കൗർ, ജസ്വീന്തർ കൗർ, ഗുരുപ്രീത് കൗർ, കൈലാസ് കൗർ, അമ്മാനി കൗർ എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക.

കുച്ചാസിങിന്റെ വേർപാടിൻ ദുഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. രാംനാടി, ബറുവാല എന്നീ ഗ്രാമങ്ങളിൽ പ്രാർത്ഥനക്കൂട്ടം രൂപീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നെഞ്ചു വേദനയാൽ ഭാരപ്പെടുന്ന മക്കെവാല ഗ്രാമത്തിലെ സൂരജ് സിങിന്റെയും ട്യൂമറിനാൽ ഭാരപ്പെടുന്ന കുലാബ് സിങിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### സങ്കരൂർ

**നാബ ഹമോം & ദുലാന്തി റിയാങ്**

അജൈ മാണി ഗ്രാമത്തിൽ ലോഹാർ ജാതി സമൂഹത്തിലെ സ്ത്രീജനങ്ങൾക്കു വേണ്ടി ആദ്യമായി നടത്തിയ യോഗം അനുഗ്രഹകരമായിരുന്നു. നട്ടെല്ലു സംബന്ധമായ പ്രയാസത്തിൽ നിന്നു ഷിതാൾ റായ് സുഖമായി. പ്രേം സിങിന്റെ കാലിലെ ബലഹീനത സൗഖ്യമായി. പ്രാർത്ഥനയുടെ ഫലമായി സോണി മദ്യപാന സ്വഭാവം ഉപേക്ഷിച്ചു.

40 ദിവസത്തെ ഉപവാസ പ്രാർത്ഥനയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ഗംഗദീപ് സിങ്, പമ്മി സിങ്, നമ്ത കൗർ എന്നിവരെ വൃക്ക സംബന്ധമായ രോഗത്തിൽ നിന്നു ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. തൊണ്ടക്കു ട്യൂമർ ബാധിച്ച സന്ദിപിന്റെയും മഞ്ഞപിത്ത രോഗിയായ രേണുവിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുക്ചെയിൻ, മഹിമ എന്നിവരുടെ കുടുംബത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക.

ഉപവാസ
പ്രാർത്ഥന ദിനം




## ജന്മദിനാശംസകൾ

സുദർശൻ തോമസ് ജയരാജ്; ഫ്രാങ്കളിൻ എം വൈ പഥാം; സൂർജ്യ കാന്തി ബാഗ്; ഗോദിസേല പ്രവീൺ

### ഫസിൽക്ക

**ജറുയേൽ പാനി & ജോത്സ്യാന റാണി**

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. പ്രാർത്ഥനയുടെ ഫലമായി റാം നരേഷ് മാരക രോഗത്തിൽ നിന്നു വിടുതൽ പ്രാപിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നു ഗട്ടൂസ് വിടുതൽ പ്രാപിച്ചു. സുബാഷ് സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

പുതിയ സത്യാന്വേഷകനായ റാം നരേശ് തടസ്സങ്ങളെ അതിജീവിച്ച് യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൂജ റാണിക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദർശൻ സിങ്ങിന്റെ ശരീരത്തിലെ വീക്കം മാറേണ്ടതിനായി പ്രാർത്ഥിക്കുക.

## ഹരിയാന

### തോഷാം

**ജോൺ ഡേവിഡ്സൺ & എസ്ഥേർ**

മൂന്നു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. സാഗർപൂർ ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. പ്രാർത്ഥനയുടെ ഫലമായി രൂപ്സിങ് ന്യുമോണിയയിൽ നിന്നു സൗഖ്യം പ്രാപിച്ചു.

ഭീവാനി, മഹേന്ദ്രഘട്, നറുനൗൽ, ചാർക്കി ദാദ്രി, റെവാറി എന്നീ ജില്ലകളിൽ ഉള്ളവർ മദ്യത്തിന്റെയും പുകയിലയുടെയും സ്വാധീനത്തിൽ നിന്നു വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സെയ്സി ജാതിക്കൂട്ടത്തിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിവാഹം കഴിഞ്ഞ് ഏഴു വർഷത്തിനു ശേഷം ഒരു പൈതലിനു ജന്മം കൊടുക്കുവാൻ ഒരുങ്ങുന്ന സുമിത്രയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക.

### ബർവാല

**ബൊർസാത് ബാബുബായ് & സരസ്വതിബഹൻ**

11 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഏഴു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ജീപ്പ് ടീമിന്റെ സഹായത്തോടെ അനേക പുതിയ ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. സാനിയാന ഗ്രാമത്തിൽ ദൈവാലയം നിർമ്മിക്കുന്നതിനാവശ്യമായ രേഖകൾ തയ്യാറാക്കി. ട്യൂമറിൽ നിന്നു അനുബൻ സുഖം പ്രാപിച്ചു. ഗെയ്ബുർ ഗ്രാമത്തിലുള്ള പോളിബൻ, പാർവതിബൻ എന്നിവർ പ്രാർത്ഥനയാൽ പൈശാചിക ബന്ധനത്തിൽ നിന്നു സുഖം പ്രാപിച്ചു.

ഗയ്ബുർ ഗ്രാമത്തിലെ ദൈവാലയത്തിന്റെ ചുറ്റുമതിൽ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആരാധന യോഗത്തിൽ ക്രമമായി പങ്കെടുക്കുന്ന ബബ്ലിബായി, സുഭാഷ് ബായി എന്നിവർ വിശ്വാസത്തിൽ ബലപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ഷഹി, സാനിയാന, ചാമർവേദ, ഉക്ലാന, സാമെൻ, ബോബുവ, ഖർഖാദ, ഹസൻഗട്, ബുഗാന, ഗോരഖ്പൂർ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ജോൺ ഡേവിഡ് രാജ്; പവൻ കുമാർ; അൽഫോൻസ് ജെ

### കാലൻവാലി

**വിജയമലർ & ജബല**

അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. തവത്മാൾ റോഡിൽ നടത്തിയ യുവജനയോഗത്തെയും സത്സാംഗ് പ്രോഗ്രാമിനെയും ദൈവം അനുഗ്രഹിച്ചു. ഒധാൻ ഗ്രാമത്തിലെ സുഖ്പ്രീത് കൗർ പ്രാർത്ഥനയുടെ ഫലമായി സൗഖ്യം പ്രാപിച്ചു.

സുവിശേഷം ശ്രവിച്ചവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജീപ്പ് ടീമിന്റെ ശുശ്രൂഷ അനുഗ്രഹിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ഈ നൊയ്മ്പു കാലത്തു വിശ്വാസികൾ ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഒധാൻ ഗ്രാമത്തിലെ ഭീം കൗർ, കരംജിത് കൗർ, കാലൻവാലി ഗ്രാമത്തിലെ രാകേഷ് കൗർ എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നു വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തർഖാണ്ഡ്

### ബാസ്പൂർ

**ക്രിസ്റ്റ്യൻ പ്രകാശ് & സുമിത്രബെൻ**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നമ്മുടെ വിശ്വാസിയായ ചോട്ടലാലിന്റെ വസ്തു സംബന്ധമായ പ്രശ്നം ശാശ്വതമായി പരിഹരിക്കപ്പെട്ടു. നമ്മുടെ ശുശ്രൂഷയുടെ ഫലമായി ഷാംസിങിനെ സ്നഹിതനായി ലഭിച്ചു. ക്ഷയ രോഗത്തിൽ നിന്നു സുനിൽ, തളർവാതത്തിൽ നിന്നു മുഖ്രം സിങ്, രക്തത്തിലെ അണുബാധയിൽ നിന്നു വിർവതി എന്നിവരെ ദൈവം സൗഖ്യമാക്കി.

പൈശാചിക ബന്ധനത്തിൽ നിന്നു ഷാംസിങ് പായൽ, ഗുർമേജ് സിങ് എന്നിവരെ ദൈവം വിടുവിച്ചു. ക്ഷയ രോഗികളായ ഹരീഷ് സിങ്, റാണി; നെഞ്ചു വേദനയനുഭവപ്പെടുന്ന സുഭാഷ് എന്നിവരെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാൻസർ രോഗിയായ സത്രപാലിന്റെയും വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന സുനിലിന്റെയും വിടുതലിനായി പ്രാർത്ഥിക്കുക.

### നാനക്മാട്ട

**ശിവകുമാർ & സുശീല മാരാക്**

ഒമ്പതു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 75 വ്യക്തികൾ ജീവിതത്തിൽ ആദ്യമായി സുവിശേഷം ശ്രവിച്ചു. ബാസ്കർ ഗ്രാമത്തിലെ ആദ്യ വിശ്വാസി തന്റെ ബിസിനസ് ആവശ്യത്തിനായി ഒരു ട്രാക്ടർ വാങ്ങി. ത്വക്കിലുള്ള അലർജിയിൽ നിന്നു ദെയാരി ഗ്രാമത്തിലെ സത്വിന്ദർ സിങ്ങിനെയും കോവിഡ് രോഗത്തിൽ നിന്നു രത്ന ഫാറം ഗ്രാമത്തിലെ വിമല കൗറിനെയും കർത്താവ് സൗഖ്യമാക്കി.

ഖാതിമ ഗ്രാമത്തിലെ രാജു റാണയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ദെയാറി ഗ്രാമത്തിലെ വിശ്വാസി ബാൽജിന്ദർ സിങിനു മെഡിക്കൽ ഷോപ്പ് തുടങ്ങുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇസ്ലാം നഗറിലെ സുർജിത് കൗർ പൈശാചിക ബന്ധനത്തിൽ നിന്നു വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ഇമ്മാനുവേൽ രജ്ഞിത്സിങ് എസ്;
സോളമൻ ജപരാജ് ജെ;
ബിന്നി ജ്ഞാനം ജോൺ ;
അനിയ ജോസഫൈൻ വെങ്കിടേശൻ;
രേണു അരുൺ ഗത്ത; സാറാ മാൾട്ടോ

### മാൽധാൻചൗർ

**ശിശുപാൽ & അനിത**

ഒമ്പതു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഏഴു ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. മോഹൻ നഗറിൽ നടത്തിയ ആത്മാക്കളെ നേടുന്നതിനായുള്ള ക്യാമ്പ് അനുഗ്രഹകരമായിരുന്നു. പത്രംപൂർ, കുളഘാർ എന്നീ പ്രദേശങ്ങളിൽ പുതിയ സ്നേഹിതരെ ലഭിച്ചു.

കുളഗാർ പ്രദേശത്തു ശുശ്രൂഷ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. താരി പ്രദേശത്തു ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ സ്നേഹിതരായ ദർശൻ, രാകേഷ്, അമ്രിവ, യോഗേഷ്, ജ്യോതി, പരമേശ്, മാനിഷ് എന്നിവർ ആത്മീകമായി വളരേണ്ടതിനായി പ്രാർത്ഥിക്കുക. റാം നഗർ പ്രദേശത്തെ ശുശ്രൂഷ വിപുലമാകേണ്ടതിനായി പ്രാർത്ഥിക്കുക.

## രാജസ്ഥാൻ

### ഹനുമാൻഘട്ട്

**സെൽവം & ഹെപ്സി;**
**രാജു നായക് & ഝാൻസിബായി**

വിശ്വാസികളായ രാജു & ജാൻസിബായി കുടുംബത്തിൽ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. നമ്മുടെ വിശ്വാസി ഹരുണിനു ഭവനം പണിയുന്നതിനു സർക്കാരിൽ നിന്നു ധനസഹായം ലഭിച്ചു. ഡാബ്ലു ഗ്രാമത്തിലെ ഗുമെയിലിനു ബിസിനസ് ആവശ്യത്തിനു ഒരു ട്രാക്ടർ വാങ്ങുവാൻ സാധിച്ചു. സരമാസർ ഗ്രാമത്തിലെ ലഖ്‌വീർ സിങിനു മലേറിയ രോഗത്തിൽ നിന്നു സൗഖ്യം ലഭിച്ചു.

മാതാവിന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന നമ്മുടെ സ്വദേശ സുവിശേഷകൻ ദർശൻ സിങിന്റെയും കുടുംബത്തിന്റെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ ക്രിസ്തേശുവിലുള്ള വിശ്വാസം ധൈര്യത്തോടെ പ്രഖ്യാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവിധ രോഗങ്ങളാൽ വലയുന്നവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## മരിച്ചതായി പ്രഖ്യാപിച്ചു, പക്ഷേ ജീവൻ പ്രാപിച്ചു!

ആന്ധ്രാ പ്രദേശിൽ ധാമൽചെരിവ് മിഷൻ വയലിലുള്ള RMP ഡോക്ടറായ ഡോ. മുനി രത്നം കോവഡ് രോഗത്താൽ ഗുരുതരാവസ്ഥയിലെത്തി. അദ്ദേഹത്തിന്റെ ഭാര്യ വിശ്വാസിയായിരുന്നു. അവൾ അദ്ദേഹത്തെ പ്രാർത്ഥനയോടെ തിരുപ്പതി സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അനേക നാളത്തെ ചികിത്സകൾക്കു ഒടുവിൽ ഡോക്ടറന്മാർ ഡോ. മുന രത്നം മരിച്ചെന്നു പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ ഭാര്യയും നമ്മുടെ വിശ്വാസികളെല്ലാവരും ഡോക്ടറുടെ ജീവനു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ഈ സമയം ഡോക്ടറുടെ കാലിലെ ചലനം ഒരു നേഴ്സ് ശ്രദ്ധിച്ചു. വേഗത്തിൽ അദ്ദേഹത്തെ സമീപത്തുള്ള സ്വകാര്യാശുപത്രിയിലേക്കു കൊണ്ടു പോയി. അദ്ദേഹത്തിന്റെ ജീവൻ തിരികെ ലഭിച്ചു. ഡോക്ടറും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഇപ്പോൾ ഇദ്ദേഹം പട്ടുരു പ്രദേശത്തുള്ള സഭയുടെ വളർച്ചയിൽ പ്രധാന പങ്കു വഹിക്കുന്നു. ദൈവത്തിനു മഹത്വം!




## ജന്മദിനാശംസകൾ

ഗോൾഡൻ ജെ ഇമ്പരാജ്

### ശ്രീ ഗംഗ നഗർ

**വി കുമാർ &**
**പാട്രീസിയ തമിഴ് സെൽവി**

മജിവാല ഗ്രാമത്തിലെ രണ്ടു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഒരു ഗ്രാമത്തിൽ സുവിശേഷം പങ്കുവെച്ചു. 48F ഗ്രാമത്തിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ മുക്തായാർ സിങ്, കുൽദീപ് സിങ് എന്നീവരുമായി ബന്ധം സ്ഥാപിച്ചു. ഷേർ സിങും കുടുംബവും ആത്മീക വളർച്ച പ്രാപിക്കുന്നു. അമൻദീപ്, സന്ദീപ് എന്നിവർ യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുന്നതിനു തയ്യാറായി. ജഗദീഷ്, ദുർഗ എന്നിവർ കുടുംബമായി സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

16S ഗ്രാമത്തിലുള്ള ഹനുമാൻ, സന്താം എന്നിവർ പൈശാചിക പ്രവർത്തനം ഉപേക്ഷിച്ചു മാനസാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. 17S ഗ്രാമത്തിലുള്ള മൻജിത് സിങ്, 48F ഗ്രാമത്തിലെ മുക്തിയാർ സിങ് എന്നിവർ ധൈര്യത്തോടെ വിശ്വാസ പ്രഖ്യാപനം നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്തിൽ നിന്നു കാന്തി കൗറിനെയും വൃക്ക സംബന്ധമായ രോഗത്തിൽ നിന്നു ഷൈലജയെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ ആരാധനക്കൂട്ടങ്ങളിലും ചെറിയ പ്രാർത്ഥന സെൽ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക..

### പയോട്ട

**സത്യപ്രകാശ് & അഞ്ജന**

ഒരു ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. വേദപഠന ക്ലാസ്സ് വിശ്വാസികൾ ആത്മീകമായി വളരുന്നതിനു വളരെ സഹായകരമായിരുന്നു. കോട്പുട്‌ലി ഗ്രാമത്തിലെ രാജേന്ദ്ര പൈശാചിക ബന്ധനത്തിൽ നിന്നു പ്രാർത്ഥനയാൽ മുക്തനായി. ത്വക്കിലുണ്ടായ അണുബാധയിൽ നിന്നു വിടുതൽ പ്രാപിച്ചു.

സത്യാന്വേഷകർ എല്ലാവരും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാരായ വിശ്വാസികൾക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റക്കാരുടെ മടങ്ങിവരവിനായി പ്രാർത്ഥിക്കുക. റിക്കുവിനു ഒരു പൈതൽ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അനൂപ്ഘട്ട്

**ബോടാർ അമൃത് &**
**സുവേര മാർത്ത**

അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. SSB, 4A എന്നീ ഗ്രാമങ്ങളിൽ സത്സംഗ് പ്രോഗ്രാം നടത്തുവാൻ ദൈവം അവസരം നൽകി. നമ്മുടെ സുവിശേഷകൻ രാജേന്ദ്രൻ ശരീര ക്ഷീണത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. 05 ഗ്രാമത്തിൽ നിന്നു അനേകർ ലഘുലേഖകൾ ആവേശപൂർവ്വം വാങ്ങി.

ഈ മിഷൻ വയലിലെ പ്രവർത്തനത്തിന്റെ പുരോഗതിക്കായി പ്രാർത്ഥിക്കുക. പുതിയ സ്നേഹിതരായ മാലകിത് സിങ്, കുൽവിന്ദർ സിങ്, സുർജീത്, കിക്രാം, കാകു, പ്രവീൺ എന്നീ കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ഏബ്രഹാം ജി;
ചന്നമല്ലപ്പ അങ്ങാടി;
ജയന്തി ദുരൈസ്വാമി @ ഫ്രാൻസിസ്

## ഉത്തർ പ്രദേശ്

### ബുധൽഖാണ്ഡ് റീജിയൻ

**എൻ രാജദുരൈ & പ്രേമ**



12 വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഉദൈപൂർ ദൈവാലയത്തിൽ എതിർപ്പുകൾ ഉണ്ടായപ്പോൾ സുവിശേഷകൻ ബാനാച്ചിയയും വിശ്വാസികളും വിശ്വാസത്തിൽ ഉറച്ചു നിന്നു. ഭിന്ദ് മിഷൻ വയലിലെ സഭാമൂപ്പൻ സത്യറാമിന്റെ മകൾ മഹിമ ദാവറിയായുടെയും ജാൻസിയിലുള്ള അഭിഷേകിന്റെയും വിവാഹം ക്രിസ്തീയ ആചാര പ്രകാരം നടത്തി. കൊടുങ്കാറ്റിൽ വീടിന്റെ മേൽക്കൂര താഴെ വീണെങ്കിലും സമരാണ്യ മിഷൻ വയലിലെ വിശ്വാസികളെ ദൈവം പരിപാലിച്ചു. അപവാദ പ്രചരണത്തിൽ ആശയ കുഴപ്പം ഉണ്ടായ കാരക്കാട്ട ഗ്രാമത്തിലെ ആരാധനക്കൂട്ടത്തിലുള്ളവർ ചില വർഷങ്ങൾക്കു ശേഷം ഒരുമിച്ചു കൂടി ദൈവത്തെ ആരാധിക്കുന്നു. ഭിന്ദ് മിഷൻ വയലിലെ ആകാശ് വിശ്വാസത്തിലേക്കു മടങ്ങിവന്നു ചില മാസങ്ങൾക്കു ശേഷം ആരാധന യോഗത്തിനു നേതൃത്വം നൽകുന്നതിനു തയ്യാറായി. മീറ്റ് മാണി ഗ്രാമത്തിൽ നിന്നുള്ള ജസ്വന്ത്, പ്രീയങ്ക, എന്നവരും കുരാർ ഗ്രാമത്തിലെ സാധുറാം, മഹേന്ദ്ര എന്നിവരും സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ദബ്രാ യേശുവിങ്കലേക്കു അടുത്തു വരുന്നു. ഇവിടെ രണ്ടു ഫിലിം പ്രദർശനവും രാത്രിയോഗങ്ങളും നടത്തി. ജാൽപുരി, വിഷ്ണുപുരം എന്നീ പ്രദേശങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനം അനുഗ്രഹകരമായിരുന്നു. മോത് മിഷൻ വയലിലെ ബറാൾ ഗ്രാമത്തിൽ ഒരു ചെറിയ വേദപഠന ക്കൂട്ടം രൂപീകരിച്ചു. സുവിശേഷ വിരോധികളുടെ ആക്രമണത്തിൽ ജാമ്ര ഗ്രാമത്തിലെ സഭാ മൂപ്പൻ മാൻസിങ്ങിനെ നിസ്സാര പരുക്കുകളോടെ ദൈവം പരിപാലിച്ചു.



സുവിശേഷകരും സന്നദ്ധ പ്രവർത്തകരും രാഷ്ട്രീയത്തിൽ പങ്കു ചേരാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നാം സുവിശേഷീകരണ പ്രവർത്തനം നടത്തിയ ജാക്ക, ജാട്ടൗലി, ദിക്കോയുലി, ആത്രി, ചാക്ക് ഭഗീരഥ്, ജാൽപുരി, വിഷ്ണുപുര, ബരൾ, മഹുല എന്നീ ഗ്രാമങ്ങളിലുള്ളവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരുടെ കുടുംബമായ മിൽഗാൻ ഗ്രാമത്തിലെ രാധെ & അനിത, ദീപക് & ശശി എന്നീ കുടുംബങ്ങളിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സമധാർ, ലൗൻ എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടം രൂപീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തിൽ പരുക്കുകൾ പറ്റിയ സുവിശേഷകൻ ബൽദീന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഷിവാനി സഭയുടെ വസ്തു സംബന്ധമായ പ്രശ്നം വേഗത്തിൽ പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുക..




## ജന്മദിനാശംസകൾ

ബറിൽ സിരോമണി ഏകലവ്യൻ;
പീറ്റർ പ്രഭാകരൻ

### കൈംഗഞ്ച്

**എബനേസർ ജി സാം & ജപറാണി**

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അസംപൂർ, ബാഹ്ലോൽപൂർ, ഐയ്യാപൂർ, ഇജൗർ, കാമ്പപിലാണ്ട് പൈഥാൻ എന്നീ ഗ്രാമങ്ങളിൽ നടത്തിയ കുട്ടികളുടെ യോഗത്തെ ദൈവം അനുഗ്രഹിച്ചു. രാമാപൂർ, ഡാബിർ എന്നിവിടങ്ങളിൽ ബൈബിൾ പഠനക്കൂട്ടം ആരംഭിച്ചു. നമ്മുടെ വിശ്വാസികളായ ഇജൗറിലെ വിജയലക്ഷ്മി, അലിഗഞ്ചിലെ ശശി, കൈലയിലെ ഹൻസുൾ, ബാർപുരയിലലെ ബിസമ്പർ, കാമ്പിലെ രാകേഷ്, പ്രിത്വി ദർവാജയിലെ റാണി എന്നിവർ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും മദ്ധ്യേ സുവിശേഷം പങ്കുവെക്കുന്നു.

പുതിയ സ്നേഹിതരായ ബാത്പുരയിലെ മാണിക് ചാന്ദ്, നോയിഡയിലെ ഗുഡ്ഡി, ഫതെഘട്, പ്രതാപ്, ഷാനു, രോഷനി, ഷീതാൾ, ശാലിനി, ഗുലാബ് ശ്രീ എന്നീ കുടുംബങ്ങൾ പൈശാചിക ബന്ധനത്തിൽ നിന്നു വിടുതൽ പ്രാപക്കേണ്ടതിനായി പ്രാർത്ഥിക്കുക. അജംപൂർ ഗ്രാമത്തിലെ സർവേഷ്, കൈല ഗ്രാമത്തിലെ സജ്ജീവ് എന്നിവർ തളർവാതത്തിൽ നിന്നും നോയ്ഡയിലെ ഗുലാബ് ശ്രീ പഴകിയ തലവേദനയിൽ നിന്നും നഗ്ല ഉമിദ് ഗ്രാമത്തിലെ മോംരാജ്, ചിലാകയിലെ ഷാനു, ബഹ്ലോൽപൂറിലെ പ്രേംചന്ദ്, അജമ്പൂരിലെ ഓം ഷാരൻ എന്നിവർ മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഗാട്ടംപൂർ

**ജാങ്കോലുൻ തൗതാങ് &**
**നഗൈ തിയാൻചിങ് ഹൗസെൽ**

ഏഴു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഏഴു ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. നമ്മുടെ വിശ്വാസികൾ അവരുടെ ബന്ധു കുടുംബങ്ങളിൽ സുവിശേഷം പങ്കുവെക്കുന്നു. ബാവൻ ഗ്രാമത്തിലെ പൂജക്കും പാങ്കി ഗ്രാമത്തിലെ പൂജക്കും പ്രാർത്ഥനയുടെ ഫലമായി തലമുറകളെ നൽകി ദൈവം അനുഗ്രഹിച്ചു. നമ്മുടെ സഭാമൂപ്പനായ വിനോദ് തന്റെ സ്വന്തക്കാരായ അനേകരെ ദൈവത്തിങ്കലേക്കു ആനയിച്ചു. തളർവാതത്തിൽ നിന്നു സീതയെയും വിളർച്ച രോഗത്തിൽ നിന്നു രാധയെയും കർത്താവ് സൗഖ്യമാക്കി.

പുതിയ സത്യാന്വേഷകർ ധൈര്യപൂർവ്വം ക്രിസ്തേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രവി, സാജൻ എന്നിവർ കർത്താവിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. ശാരദയുടെയും കാന്തിയുടെയും സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ സ്വദേശ സുവിശേഷകരുടെ ബന്ധുക്കൾ എല്ലാവരും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

സുജിന്ദ്ര ലിമ്മ

### ബാർത്താന

**സുരേഷ് മാൾട്ടോ**

ഒമ്പതു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ആറു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. തർവ ഗ്രാമത്തിലെ നമ്മുടെ വിശ്വാസി നിഷക്കു പ്രാർത്ഥനയുടെ ഫലമായി സുഖ പ്രസവം ലഭിച്ചു. ഗുനാലി ഗ്രാമത്തിലെ ശാഷി ശേഖർ കുടുംബമായി ആരാധന യോഗത്തിൽ പതിവായി പങ്കെടുക്കുന്നു. ഗിർധാരി ഗ്രാമത്തിലെ നമ്മുടെ വിശ്വാസിയായ അവദേർ ബിസിനസ് ആവശ്യത്തിനായി ഒരു മിനി ലോറി വാങ്ങി. പ്രാർത്ഥനയുടെ ഫലമായി മുർച്ച ഗ്രാമത്തിലെ അകാശ് നാഥ് മാനസിക രോഗത്തിൽ നിന്നും കരോളി ഗ്രാമത്തിലെ രമേശ് വാക്ക് ഇടുപ്പു വേദനയിൽ നിന്നും വിടുതൽ പ്രാപിച്ചു. വൈശോലി ഗ്രാമത്തിലെ സത്യവതി, അച്ചാൽഡ ഗ്രാമത്തിലെ കാലേശി, രാം നരേശ് എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നു മുക്തരായി.

പീഡന ഭയത്തിൽ നിന്നും ബാകേഷ്പൂർ ഗ്രാമത്തിലെ വിശ്വാസികൾ മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ സത്യാന്വേഷകരായ നവിൻ മാൽഹോസി കത്മാവ്, കുഷ്മ എന്നിവർ കുടുംബമായി ക്രിസ്തേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറയേണ്ടതിനായി പ്രാർത്ഥിക്കുക. ബോർഡ് പരീക്ഷ എഴുതുന്നതിനു തയ്യാറെടുക്കുന്ന കുട്ടികൾക്കായി പ്രാർത്ഥിക്കുക. മിഷനറിമാരും സുവിശേഷകരും വിശ്വാസികളും സുവിശേഷ വിരോധികളുടെ പദ്ധതികളിൽ നിന്നു സുരക്ഷിതരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### തുണ്ട്‌ല

**പച്ചിയ ബായി ഫോണ ബായി**
**വസാവ & സവിത ബൻ**

ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നാഗ്ല കല്യാൺ ഗ്രാമത്തിൽ നടത്തിയ പുതിയ വിശ്വാസികളുടെ പരിശീലന ക്യാമ്പ്, താനുമായി ഗ്രാമത്തിൽ സംഘടിപ്പിച്ച ആത്മാക്കളെ നേടുന്നവരുടെ യോഗം, ഫിറോസബാദ്, ദൗരാസി എന്നീ പ്രദേശങ്ങളിൽ നടത്തിയ സ്ത്രീജന യോഗങ്ങൾ എന്നിവ നമ്മുടെ വിശ്വാസികളുടെ ആത്മീക വർദ്ധനവിനു പ്രയോജനകരമായിരുന്നു.

സുരേല, നാഗ്ല ബാരി, നാഗ്ല നാത്തുവ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നാഗ്ല കല്യാൺ ഗ്രാമത്തിലെ സജ്ഞെജ, ബുപെന്ദ്ര, ഭാരത് സിങ് എന്നീ കുടുംബങ്ങൾ കർത്താവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹാൽപുര, ഗയമായ്, തുണ്ട്‌ല എന്നീ ഗ്രാമങ്ങളിലുള്ള പ്രാർത്ഥന സെല്ലിലെ അംഗങ്ങളുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക.

ഉപവാസ
പ്രാർത്ഥന ദിനം

**13**
**ബുധൻ**
**ഏപ്രിൽ**

## ജന്മദിനാശംസകൾ

ലിദിയ സുദർശൻ തോമസ്;
അഹോനി ഹുതോയ് അച്ചുമി;
ക്രിസ്റ്റ്യൻ പ്രകാശ്;
ജപ മലർ രാജൻ

**മോത്ത് : തിലക് & എമിമാൽ**

സമുത്താർ ഗ്രാമത്തിലെ ആരാധന പുനരാരംഭിച്ചു. വലിയൊരപകടത്തിൽ നിന്നു നമ്മുടെ സുവിശേഷകൻ ബാബുസിനിനെ കർത്താവ് വിടുവിച്ചു. രാജകുമാരിയെ തളർവാതത്തിൽ നിന്നു ദൈവം സൗഖ്യമാക്കി.

അലഹബാദിലേക്കു പോയ വിശ്വാസി കഴിഞ്ഞ രണ്ടു മാസമായി കുടുംബാംഗങ്ങളുമായി ബന്ധപ്പെടുന്നില്ല. അയാൾ കുടുംബാംഗങ്ങളോടു ഫോണിൽ സംസാരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ആചാരങ്ങളിൽ നിന്നു റാം ഗോപാൽ മാനസാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ജോതിയുടെ കുടുംബത്തിൽ സമാധാനം ഉരുവാകേണ്ടതിനായി പ്രാർത്ഥിക്കുക. ബദ്കോരി, ചിരഗാവ്സ പൂഞ്ച് മോറെ എന്നീ ജാതിക്കൂട്ടങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിനു സമർപ്പണമുള്ള ഒരു സുവിശേഷകനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മദ്ധ്യപ്രദേശ്

**നിവാലി : ചന്നമല്ലപ്പ & രൂപ**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ബാലസമുദ്, ദിവ്യയങ്ക, പിച്ചോളി എന്നീ ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തെ ദൈവം അനുഗ്രഹിച്ചു. ഗോലിയപാനി ഗ്രാമത്തിൽ ദൈവാലയ നിർമ്മാണം ആരംഭിച്ചു. പന്നാലി ഗ്രാമത്തിൽ നടത്തിയ സ്ത്രീകളുടെ യോഗത്തിൽ 45 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു.

കുടിയേറിയ തൊഴിലാളികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചത്താലി, ഘോദ്ല്യപാനി എന്നീ ഗ്രാമങ്ങളിൽ നടത്തുന്ന വിശ്വാസികളുടെ പരിശീലന പരിപാടിയെ ദൈവം ആശീർവദിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസ പ്രഖ്യാപനത്തിനായി തയ്യാറെടുക്കുന്ന കമ്പാനി, പിച്ചോടി, വങ്കാദ് എന്നീ ഗ്രാമങ്ങളിലുള്ളവരുടെ ആത്മീക വർദ്ധനവിനായ് പ്രാർത്ഥിക്കുക. ചട്ടാലി ഗ്രാമത്തിൽ ദൈവാലയം നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സംഘടനയുടെ നിയമങ്ങൾ പാലിച്ചു കൊണ്ട് സുവിശേഷകൻ ശ്രീറാം ഫലകരമായി വേല ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക.

### ദൈവത്തിൽ മാത്രം ആശ്രയിച്ചു!

രാജസ്ഥാനിൽ ശ്രീ ഗംഗനഗർ മിഷൻ വയലിലെ SSB കോളനിയിൽ വസിക്കുന്ന നമ്മുടെ വിശ്വാസി മഹവീർ ഒരു പ്രാർത്ഥന പോരാളിയാകുന്നു. അയാൾ നമ്മുടെ ആരാധന യോഗത്തിൽ ക്രമമായി സംബന്ധിച്ചിരുന്നു, എന്നാൽ കഴിഞ്ഞ രണ്ടു വർഷമായി ആരാധനയിൽ വന്നിരുന്നില്ല. ഈ രണ്ടു വർഷത്തിൽ അവനെ ആറു പ്രാവശ്യം ആശുപത്രിയിൽ പ്രവേശിപ്പിച്ചു രണ്ടു തവണ ശസ്ത്രക്രിയക്കു വിധേയനാക്കി. അവൻ ഒരിക്കൽ പോലും പ്രാർത്ഥന ആവശ്യപ്പെട്ടു ഞങ്ങളെ വിളിച്ചില്ല. അവൻ സ്വയം വിശ്വാസത്തിൽ ബലപ്പെട്ടു ദൈവത്തോടു പ്രാർത്ഥിച്ചു. അവന്റെ വിശ്വാസ സ്ഥിരത കണ്ടു രണ്ടു പെൺമക്കളും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. 'യിസ്രായേലിൽ കൂടെ ഇത്ര വലിയ വിശ്വാസം കണ്ടിട്ടില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു'. (മത്തായി. 8:10).

മൂപ്പയായ രാജ്കുമാറിനു ഉപജീവന മാർഗ്ഗമായി എന്തെങ്കിലും വഴി തുറക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈയടുത്ത കാലത്തു അവളുടെ ഭർത്താവ് നിത്യതയിൽ പ്രവേശിച്ചു. അവൾക്കു മൂന്നു മക്കളുണ്ട്.




## ജന്മദിനാശംസകൾ

ഹെബ്സിബ പ്രദീപ് കുമാർ;
രാജം പോൾ സമ്പത്ത്;
കൺമണി രാജാസിങ്

### ദാബ്ര

**സതികാന്ത് പരിച്ച &**
**സാഗരിക പ്രധാൻ**

ഏഴു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. എതിർപ്പിന്റെയും ഉപദ്രവത്തിന്റെയും മദ്ധ്യെ എല്ലാ വിശ്വാസികളും വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നു. പലവിധ വെല്ലുവിളികളുടെ മദ്ധ്യെ പ്രേംനഗറിലെ ദൈവാലയ നിർമ്മാണം പുരോഗമിക്കുന്നു. നമ്മുടെ പുതിയ സ്നേഹിതരായ ബാന്തി, ഉർമ്മിള, സർദാർ, രാജേഷ്, ഗുരുദേവ് എന്നിവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. യൗവ്വനക്കാരായ വിശ്വാസികൾ സഭയുടെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

അനിൽ & രേഖ, ദീപക് & ശാഷി എന്നീ ദമ്പതികൾക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രേം നഗർ ആരാധനക്കൂട്ടത്തിൽ സഭാമൂപ്പന്മാരെ നിയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യത്തിനടിമയായ ഗജരാജ് കുടുംബാംഗങ്ങളെ ആരാധനയിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നില്ല ഇയാളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സിമ്രിയ സഭയുടെ

### നേഷ നഗർ

**ജുബരാജ് ഭരതൻ &**
**ഷീബ ജാസ്മിൻ**

നാലു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. എട്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. വലിയൊരപകടത്തിൽ നിന്നു സുനിലിനെയും രൂപയെയും കർത്താവ് വിടുവിച്ചു. ഉദര സംബന്ധമായ രോഗത്താൽ വലഞ്ഞ ബാമലഫാട് ഗ്രാമത്തിലെ യുവരാജിനെയും അജ്ഞാത രോഗത്താൽ കഷ്ടപ്പെട്ട സിവാൽ ഗ്രാമത്തിലെ ചിട്ടബായിയെയും ദൈവം സൗഖ്യമാക്കി. ബദനാപൂർ ഗ്രാമത്തിലെ രാകേഷ് ബായി പൈശാചിക ബന്ധനത്തിൽ നിന്നു വിടുതൽ പ്രാപിച്ചു. കരിമ്പു തോട്ടത്തിൽ വിളവ് എടുക്കുന്ന വേളയിൽ ഗർഭഛിദ്രമുണ്ടായ കുസുമ്പായിയെ കർത്താവ് സംരക്ഷിച്ചു.

വിശ്വാസികളായ ഹീരലാൽ - ജുനബായി ദമ്പതികൾക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മുമ്പു ഗർഭഛിദ്രം ഉണ്ടായിട്ടുള്ള കമലഭായിയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. മജിയോതാകിസ് ഗ്രാമത്തിലെ ബാലിറാംബായിക്കു അപകടം മൂലമുണ്ടായ പരുക്കുകൾ സുഖമാകേണ്ടതിനായി പ്രാർത്ഥിക്കുക. ജോലി തേടി വിവിധ സംസ്ഥാനങ്ങളിലേക്കു കുടിയേറി പോയ തൊഴിലാളികൾ ചൂഷണത്തിനും നിന്ദക്കും പരിഹാസത്തിനും ഇരയാകുന്നു. ഇവരുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ബസുദേവ് മാൽട്ടോ;
ജപ ദെബറാൽ വേദമാണിക്യം

# ബീഹാർ

## ഈസ്റ്റേൺ ഗാങ്ജെറ്റിക് റീജിയൻ

### ബാബു പുഷ്പരാജ് & റെയ്ച്ചൽ ജോയ്സ്

പിച്ചൽപാട, ജാതകുന്തി എന്നീ ഗ്രാമങ്ങളിലെ ദൈവാലയ നിർമ്മാണം ഭംഗിയായി പുരോഗമിക്കുന്നു. നമ്മുടെ മിഷനറി രവി രത്തോടിന്റെ കുടുംബത്തിൽ ഒരു കുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിച്ചു. കർത്താവിലുള്ള വിശ്വാസം മൂലം കുടുംബാംഗങ്ങളിൽ നിന്നു എതിർപ്പു നേരിട്ട യോഗേന്ദ്ര സാദ അതിനെ അതിജീവിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നു ദീപക്കും കുടുംബവും വിടുതൽ പ്രാപിച്ചു. പരിഹാരി, സിങ്കിയ, കാബേയ, ബിബിഗഞ്ച്, ചോട്ടോ ബിബിഗഞ്ച്, ദക്ഷിമോൽമാരി, മസ്ത്രിപാറ, അസ്രംപാർ, പനഗർപാറ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ ദൈവം അവസരം നൽകി.

ജോർത്താല, കാജൽ ഡിഗി, തെതുലിയ, ഡാഡിയാൽ, സിമോൽതാലി, ഈച്ചഹാർ, ബഹുഡോൽ, ഭുല ഡൂങ്ക, കാന്ദഹാർ, ഭാരത്പൂർ, സുഖന്ദിഗി, കുമാർപൂർ എന്നീ ഗ്രാമങ്ങളിലുള്ളവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. മസ്കാൻ ഗ്രാമത്തിലെ ആരാധനക്കൂട്ടത്തെ ഉപദ്രവിക്കുന്ന സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ത്രിവേണിഗഞ്ച്, പിപാര എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# ജാർഖണ്ഡ്

## ദാൽബുംഗഢ്

### പ്രമോദ് കുമാർ & യശോദ

അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. വിവിധ രോഗത്താൽ വലഞ്ഞ വിശ്വാസികളെ പ്രാർത്ഥന കേട്ടു കർത്താവ് സൗഖ്യമാക്കി. സുവിശേഷീകരണ പ്രവർത്തനത്തിൽ സുവിശേഷകരും സന്നദ്ധ സുവിശേഷകരും ആത്മാർത്ഥമായി സഹകരിക്കുന്നു. ബക്കരകോച്ച ദൈവാലയത്തിന്റെ നിർമ്മാണം നല്ല രീതിയിൽ പുരോഗമിക്കുന്നു.

നമ്മുടെ ആരാധനക്കൂട്ടത്തിന്റെ വളർച്ചക്കു തടസ്സം നിൽക്കുന്ന മുൻ സുവിശേഷകരായ സുനിൽ കിസ്തു, അനിൽ കിസ്കു, സോമായ ബസ്കെ, സോമായ ഹൻസ്ത എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന തുപ കിസ്തു, കാന്ദ്ര ഹൻസ്ത, തോർപോ ബസ്ര എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അന്ധതയിൽ നിന്നു മാഗ്തൻ സൊറനും കാലിന്റെ ബലഹീനതയിൽ നിന്നു രഘുനാഥ് ഹസ്തയും സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുന്ദർഡിഹ് പ്രദേശത്തു പ്രവർത്തിക്കുന്നതിനായി ഒരു സുവിശേഷകനെ വേഗത്തിൽ നിയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 16 ശനി ഏപ്രിൽ

## ജന്മദിനാശംസകൾ

കിങ്സ്ലി ഐസക്ക് ജോൺസൺ എം; അമുധ കുമാർ പോൾ; ശ്രീനിവാസൻ ജെ; ഡെൻസിങ് ആർ; അഷ്ടബൻ ആദിത്യ കുമാർ ലിമ്മ

### ബർഹർവ

**കൃഷ്ണൻ കുമാർ & ശാന്തി ലാൽ**

പട്ടാസി ദേവി, ജോസ്നം ദേവി എന്നിവരെ വിവിധ രോഗങ്ങളിൽ നിന്നു ദൈവം വിടുവിച്ചു. രവീന്ദ്രയുടെ ഭവനത്തിൽ ഞായറാഴ്ച ആരാധന യോഗം നടത്തുന്നതിനു ദൈവം അവസരം നൽകിത്തന്നു. ബുധ്ത്തല്ല ഗ്രാമത്തിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിച്ചു. സുവിശേഷകർക്കും സന്നദ്ധ പ്രവർത്തകർക്കുമായി നടത്തിയ ആത്മീക കൂട്ടായ്മ വലിയ അനുഗ്രഹമായിരുന്നു.

സത്യാന്വേഷകരായ മെയിൻ കുമാരി, സുധീർ രവിദാസ്, മാൽതി ദേവി, പട്ടാസ്സി ദേവി, കാർത്തിക് രവിദാസ്, മനോജ് രവിദാസ്, പ്രമീള, ജാഗർനാഥ് ചന്ദ്, സിന്ധിനാഥ് ചന്ദ്, സീമ എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദാസ് സമുദായത്തിൽ സുവിശേഷത്താൽ ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. നീരുവിന്റെ ചെവിയിലുള്ള പ്രശ്നം, ബിജാലിയുടെ മാറിടത്തിലെ മുഴ, നിർമ്മല ദേവിയുടെ ആസ്മ എന്നിവ സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക.

### പാക്കൂർ, സന്താൾ ശിഷ്യത്വ ശുശ്രൂഷ

**സുധാകരൻ & ഫ്ളോറൻസ്**

നമ്മുടെ വിശ്വാസകളും പിന്നീട് മിഷനറിമാരുമായ ലൂബിൻ മുർമ്മു, ശലോമി ഹസ്താക്ക് എന്നിവരുടെ വിവാഹം ദൈവനാമ മഹത്വത്തിനായി നടത്തി. രാജമഹാൾ റീജിനലിലുള്ള മിഷനറിമാരുടെ യോഗം അനുഗ്രഹകരമായിരുന്നു. എല്ലാ ആരാധനക്കൂട്ടത്തിലെയും വേദപഠന ക്ലാസ്സ് അനുഗ്രഹകരമായി നടക്കുന്നു.

വിശ്വാസികൾക്കായി നടത്തുന്ന കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. വയോജന വിദ്യാഭ്യാസ പദ്ധതിയിൽ പങ്കെടുക്കുന്ന എല്ലാവർക്കും അതു പ്രയോജനകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ ആത്മീക വർദ്ധനവിനായി പ്രാർത്ഥിക്കുക. വേദപഠനക്കൂട്ടങ്ങൾ വിഘ്നങ്ങളില്ലാതെ ഭംഗിയായി നടക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പനയിൽ നിന്നു കള്ളു എടുക്കുന്നത് നിർത്തി.

